NERVEEDHI
Volume -12, Issue - 10, 10th October 2023, Monthly, Price ₹ 25, Published at Kottayam
വാല്യം–12, ലക്കം–09, ഒക്ടോബർ 2023 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## പ്രലോഭനങ്ങളെ അതിജീവിക്കുക

പേജ് 13

# നാം കർമ്മനിരതരോ...?

ക്രിസ്തീയജീവിതത്തിൽ ആനന്ദമോ ആശ്വാസമോ സംതൃപ്തിയോ ലഭിക്കാത്ത ഒരവസ്ഥയാണ് നിലവിലുള്ളതെങ്കിൽ അത് എത്രയോ കഷ്ടമാണ്. മുറുകെപ്പറ്റുന്ന പാപങ്ങളോ ആത്മീകനേതൃത്വ ത്തിൽ ഉള്ളവരുടെ അനാത്മിക നിലപാടുകളോടുള്ള നീരസമോ, കുടുംബ പ്രശ്നങ്ങളോ അങ്ങനെ പല കാരണങ്ങൾ ആണ് വ്യക്തികളെ ആത്മിക മന്ദതയിലേക്ക് നയിക്കുന്നത്. വിശ്വാസത്തിൽ പുരോഗതിയില്ലാത്ത ഒരവസ്ഥയിൽ അധികനാൾ പിടിച്ചു നിൽക്കുവാൻ ആർക്കും കഴിയുകയില്ല എന്നതല്ലേ വാസ്തവം? കർമ്മനിരതരാവുക എന്നതാണ് പരിഹാര മാർഗ്ഗം.

ദൈവം എപ്പോഴും കർമ്മനിരതനാണ്. അവിടുത്തെ മക്കളായ നാം ദൈവത്തെ സേവിക്കുന്ന കാര്യത്തിലും എല്ലാ ആത്മീയ പ്രവർത്തനങ്ങളിലും കർമ്മനിരതരായിരിക്കണം. ചെറിയ വിഷയങ്ങളിൽ പോലും നാം അനാസ്ഥ കാണിക്കുവാൻ പാടുള്ളതല്ല. ഉത്തരവാദിത്തങ്ങൾ എല്ലാം ദൈവത്താൽ ആണല്ലോ ഭരമേല്പിക്കപ്പെട്ടിരിക്കുന്നത്. അത് നിവർത്തിക്കുന്നതിൽ കൃത്യനിഷ്ഠ ഉള്ളവരും ഉത്സാഹികളും ആയിരിക്കണം. ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പീൻ എന്നാണല്ലോ വിശ്വാസികളെ പൗലോസ് പ്രബോധിപ്പിച്ചിരിക്കുന്നത്.

ആത്മീകമന്ദത പ്രാർത്ഥനാജീവിതത്തെയും ബാധിക്കുന്നു. പ്രാർത്ഥനയിലും മടുപ്പുണ്ടാകും. പ്രാർത്ഥനകൾക്ക് പെട്ടെന്ന് മറുപടി ലഭിക്കാതിരിക്കുകയോ, ആഗ്രഹിക്കുന്ന സമയത്തുത്തരം കിട്ടാതിരിക്കുകയോ ചെയ്യുമ്പോൾ പ്രാർത്ഥനയിൽ മടുപ്പുളവാക്കിയേക്കാം. അങ്ങനെ സംഭവിച്ചാൽ ജീവിതത്തിൽ പരാജയവും, ദൈവിക സേവനത്തിൽ ഫലമില്ലായ്മയും ഉളവായേക്കാം. ആത്മീകമന്ദത ബാധിച്ചാൽ നിരാശകൾക്കടിമപ്പെട്ടും പരാജയത്തിന്റെ ഓർമ്മകളാൽ തളയ്ക്ക പ്പെട്ടും, മുൻകാല പാപങ്ങളെക്കുറിച്ചുള്ള കുറ്റബോധത്താൽ നീറിയും, ആത്മികജീവിതം കൊണ്ട് ഒരു പ്രയോജനവുമില്ലെന്നുള്ള ചിന്തകളും, ദൈവം വളരെ അകലെയാണെന്നുള്ള തോന്നലും സാത്താൻ നമ്മിൽ നിറയ്ക്കുവാൻ ശ്രമിക്കും.

ഇങ്ങനെയുള്ള അധമചിന്തകളുടെ വിത്ത് സാത്താൻ മനസ്സിൽ വിതച്ചെന്നു മനസ്സിലാക്കിയാൽ അത് വേരുപിടിക്കുവാൻ നാം അനുവദിക്കരുത്. ദൈവത്തിന്റെ മഹത്വത്തിനായി പ്രയോജന പ്പെടണമെന്നുള്ള ചിന്തയും, ദൈവഹിതത്തെ ഓർമ്മിപ്പിക്കുന്നതും നമ്മുടെ പരമാർത്ഥ മനസ്സിനെ തട്ടിയുണർത്തുന്നതും ആയ വചനശുശ്രൂഷകളും, ആത്മീകവർദ്ധന വരുത്തുന്ന നല്ല ലേഖന വായനയും മന്ദതയെ മറികടക്കുവാൻ പര്യാപ്തമാണ്. ഈ ലക്കത്തിലെ സന്ദേശത്തിൽ ഇവ വിശദമായി പ്രതിപാദിക്കുന്നു.

പ്രശ്നങ്ങളൊന്നും ഇല്ലാതെ ഏതാണ്ടു സുഖമേഖലയിലെന്ന പോലെ ആയിരിക്കുന്ന അവ സ്ഥയും പലരെയും മാന്ദ്യവും നിസ്സംഗതയും ഉള്ളവരാക്കി മാറ്റിയേക്കാം. ഒന്നാം നൂറ്റാണ്ടിൽ യെരു ശലേമിലെ സഭയ്ക്ക് ഉപദ്രവം നേരിട്ടപ്പോൾ അപ്പോസ്തലന്മാർ ഒഴികെ എല്ലാവരും യഹൂദ്യ, ശമര്യ എന്നിവടങ്ങളിലേയ്ക്ക് ചിതറിപ്പോയി. അന്ത്യനിയോഗമനുസരിച്ചു പോകാതിരുന്നവരെ അതേ സ്ഥലങ്ങളിലേക്ക് അയയ്ക്കുവാൻ ദൈവത്തിനു ഈ ഉപദ്രവം അനുവദിക്കേണ്ടി വന്നു. യാദൃച്ഛികമെന്നു നമുക്ക് തോന്നുന്ന ചില പ്രതികൂലങ്ങൾ നമ്മെ കർമ്മനിരതരാക്കുവാനുള്ള ദൈവത്തിന്റെ ഇടപെടലുകളാണ്. സമസ്തമേഖലകളിലും പ്രതികൂലങ്ങളുടെ കാർമേഘാവൃതമായ ഒരന്തരീക്ഷത്തിലൂടെയാണ് ഇന്ന് സഭ കടന്നുപോകുന്നത്. ഇവകളെ മറികടന്നു കർമ്മ നിരതരാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചും ആഹ്വാനം ചെയ്തുകൊണ്ടും ഈ ലക്കം മാസിക സമർപ്പിക്കുന്നു.

പുസ്തകം 12 ലക്കം 10
ഒക്ടോബർ 2023

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**മന്ദതയെ മറികടക്കുക** 4
ജോയ് എം. തോമസ്

**ലോകത്തോട് ഒത്തുതീർപ്പില്ലാത്ത ദൈവസഭ** 7
സാജു മാത്യു

**വ്യർത്ഥമായ പിതൃപാരമ്പര്യം...** 9
ജോർജ് മാത്യു, പുതുപ്പള്ളി

**ക്രിസ്തുവിന്റെ ദൈവത്വം** 11
ചെയ്സ് ജോസഫ്

**പ്രലോഭനങ്ങളെ അതിജീവിക്കുക** 13
വാച്ച്മാൻ നീ

**കൗൺസലിംഗ് വീഥി** 16
ഡോ. സജികുമാർ കെ. പി.

**യേശുക്രിസ്തുവിന്റെ നിസ്തുലത** 20
പി വി വർഗീസ്

**വനിതാ വീഥി** 22

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താ വീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം. തോമസ്

# മന്ദതയെ മറികടക്കുക

ഏതു മനുഷ്യനും ഉത്സാഹരഹിതനാകാൻ അധികം സമയം വേണ്ട. നാം എല്ലാവരും കൂടെക്കൂടെ പ്രോത്സാഹനം ആഗ്രഹിക്കുന്നവരാണ്. പ്രോത്സാഹനം ആഗ്രഹിക്കുന്നതിന് മുൻനിരയിൽ ഉണ്ടെങ്കിലും മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിൽ വിമുഖരാണ് എന്നത് ഖേദകരമായ വസ്തുതയാണ്. നന്മയ്ക്കായി മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുവാനും പ്രാർത്ഥനയിൽ അവരെ കൈത്താങ്ങുവാനും നമുക്ക് കഴിയട്ടെ.

നമ്മിലെ നിരുത്സാഹമാണ് ആത്മീയ മന്ദതയ്ക്ക് കാരണമാകുന്നത്. ആത്മീകമന്ദത മാറിയാലേ ജീവിതത്തിൽ ആനന്ദവും ഉത്സാഹവും നിലനിൽക്കുകയുള്ളൂ. നമ്മുടെ മനസ്സിൽ മടുപ്പുളവാക്കുന്ന കാരണങ്ങൾ എന്തെല്ലാമാണ്? അവയെ കണ്ടെത്തുകയും പരിഹരിക്കുകയും ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്.

ഹൃദയത്തിലേറ്റ ക്ഷീണത്തെ അകറ്റുവാനും മനസ്സിന്റെ മടുപ്പിനെ മാറ്റുവാനും ഉള്ള ശരിയായ മാർഗം ക്രിസ്തുവിങ്കലേയ്ക്ക് നമ്മുടെ മുഴുശ്രദ്ധയും അർപ്പിച്ച് ക്രൂശിതനായ ക്രിസ്തുവിനെ ധ്യാനിക്കുക എന്നതാണ്. തിരുവചനം പറയുന്നു; വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക, തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അവിടുന്ന് അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലതുഭാഗത്ത് ഇരിക്കുകയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ച് മടുക്കാതിരിക്കാൻ പാപികളാൽ തനിക്ക് നേരിട്ട് ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചു കൊള്ളുവീൻ ( എബ്രായ :12: 2,3)

*ജീവിതത്തെ നിരുത്സാഹപ്പെടുത്തുന്ന വിഷയങ്ങളിലൊന്ന് ദൈനംദിന ജീവിത പ്രശ്നങ്ങളാണ്.* മനസ്സിനെ അസ്വസ്ഥമാക്കുന്ന പ്രശ്നങ്ങൾ മുമ്പിൽ നിൽക്കുമ്പോൾ അവയെ ധൈര്യപൂർവ്വം നേരിടുവാനുള്ള മനക്കരുത്ത് പലർക്കും ഇല്ല. ആവശ്യഭാരങ്ങളും രോഗങ്ങളും പ്രതികൂല സാഹചര്യങ്ങൾ ഉളവാക്കുന്ന മാനസിക സമ്മർദ്ദങ്ങളും എല്ലാം ഇതിൽ ഉൾപ്പെടുന്നു. പ്രാർത്ഥിക്കുവാൻ ആഗ്രഹമുണ്ടെങ്കിലും പ്രാർത്ഥനയ്ക്ക് ഏകാഗ്രത ലഭിക്കാത്ത അവസ്ഥ ഉണ്ടാകാം. ആശ്വാസത്തിനും ആത്മധൈര്യം വീണ്ടെടുക്കുന്നതിനും വാഞ്ചിക്കുന്ന ഈ നിർണായക സമയത്ത് എല്ലാവരും നമ്മിൽ നിന്ന് അകലുകയാണോ എന്ന് സംശയം

ഉണ്ടാകാം. കർത്താവ് സമീപസ്ഥൻ എങ്കിലും ഹൃദയത്തിൽ ഉരുണ്ടുകൂടിയിരിക്കുന്ന ഭയത്തിന്റെയും ഉൽക്കണ്ഠയുടെയും ചിന്തകൾ നമ്മുടെ ആത്മീയ കാഴ്ചയ്ക്ക് മങ്ങൽ ഏൽപ്പിക്കുന്നതിനാൽ കർത്താവ് അരികിൽ നിൽക്കുന്നത് കാണുവാൻ കഴിയാതെ വിഷമിക്കുന്ന അവസരമായി തീരാം അത്. ഇങ്ങനെ ഒരു സാഹചര്യത്തിൽ കൂടിയാണോ നിങ്ങൾ ഇന്ന് കടന്നു പോകുന്നത്? കർത്താവ് വിശ്വസ്തൻ; മാറ്റമില്ലാത്തവൻ എന്ന് ഓർക്കുക. നമ്മുടെ പാപത്തിന്റെ മുഴുശിക്ഷയും ഏറ്റെടുത്ത് കഷ്ടം അനുഭവിച്ച ദൈവപുത്രൻ, നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുവാൻ സ്വയം ക്രൂശിൽ യാഗമായി അർപ്പിച്ചവൻ ആകുന്നു. ആ നല്ല കർത്താവിനെ ധ്യാനിച്ചാൽ മങ്ങിപ്പോയ ദൃഷ്ടികൾ പ്രകാശിക്കും. നിങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയുടെ ഉൾക്കാഴ്ച ലഭിക്കുകയും അത് ജീവിതത്തെ പ്രകാശപൂരിതമാക്കുകയും ചെയ്യും.

*സാമൂഹിക ജീവിത നിലവാരത്തിൽ പ്രത്യേകാൽ സാമ്പത്തികകാര്യങ്ങളിൽ മറ്റുള്ളവർക്ക് ഒപ്പം എത്തുവാൻ ഉള്ള അഭിവാഞ്ച ഹൃദയത്തെ അസ്വസ്ഥപ്പെടുത്തുന്നത് സ്വാഭാവികമാണ്. പലരുടെയും ഹൃദയത്തെ മടുപ്പിക്കുന്ന ഒരു കാരണമാണ് ഇത്..* മറ്റുള്ളവരോട് താരതമ്യം ചെയ്ത് ചിന്തിക്കുവാൻ നിർബന്ധിക്കുന്ന മാനസിക അവസ്ഥ നമ്മിൽ ഉണ്ടാവുക സ്വാഭാവികമാണ്. സമൂഹത്തിൽ നാം ജീവിക്കുമ്പോൾ ഇത് അവഗണിക്കുവാൻ കഴിയാതെ പോകുന്നു. അതുകൊണ്ട് മറ്റുള്ളവരോടൊപ്പം തല ഉയർത്തി നിൽക്കുവാൻ നാം അവർക്കൊപ്പം എല്ലാ നിലവാരത്തിലും എത്തണം എന്ന ചിന്ത നമ്മിൽ പ്രബലപ്പെടുന്നു. ഈ ചിന്ത അസൂയയിലേക്കും മത്സര മനോഭാവത്തിലേക്കും നയിച്ചാൽ അത് നമ്മുടെ പരാജയം ആയിരിക്കും. പ്രത്യുത ദൈവാശ്രയത്തിലേക്കും സ്ഥിരോത്സാഹികളായി അധ്വാനിക്കുന്നതിനും അച്ചടക്കമുള്ള ജീവിതശൈലി നേടുന്നതിലേക്കും നമ്മെ നയിച്ചാൽ ജീവിതത്തിൽ വിജയം കണ്ടെത്തുവാൻ കഴിയും. തന്റെ മുമ്പിലുള്ള സന്തോഷം ഓർത്ത് അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലതുഭാഗത്ത് ഇരിക്കുകയും ചെയ്യുന്ന കർത്താവായ യേശുവിനെ ധ്യാനിക്കുന്നത് നമുക്ക് പ്രചോദനവും പ്രത്യാശയും നൽകും. മറ്റുള്ളവർക്കൊപ്പം എത്തുക എന്ന ചിന്ത മാറി ദൈവഹിതത്തിന്റെ

**നമ്മുടെ പാപത്തിന്റെ
മുഴുശിക്ഷയും ഏറ്റെടുത്ത്
കഷ്ടം അനുഭവിച്ച ദൈവപുത്രൻ,
നമ്മുടെ പാപങ്ങൾക്ക്
പ്രായശ്ചിത്തം ആകുവാൻ
സ്വയം ക്രൂശിൽ യാഗമായി
അർപ്പിച്ചവൻ ആകുന്നു.
ആ നല്ല കർത്താവിനെ
ധ്യാനിച്ചാൽ മങ്ങിപ്പോയ
ദൃഷ്ടികൾ പ്രകാശിക്കും.**

പൂർണ്ണതയിൽ എത്തുക എന്നതാണ് അഭികാമ്യം എന്ന തിരിച്ചറിവ് നമുക്കുണ്ടാകും. ലോകം നൽകുന്ന അംഗീകാരത്തേക്കാൾ കർത്താവ് നൽകുന്ന അംഗീകാരം എത്ര എത്ര ശ്രേഷ്ഠം എന്ന ഉന്നതവും ഉത്തമവുമായ ബോധ്യം നമ്മെ സന്തോഷിപ്പിക്കും.

*നാം ജീവിക്കുന്ന സമൂഹത്തിൽ കാണുന്നത് മത്സര ജീവിതശൈലിയാണ്.* മറ്റുള്ളവരെ തോൽപ്പിച്ച് ഒന്നാമൻ ആകുവാനുള്ള മോഹം. ഇത് അനുഗ്രഹമായി വ്യാഖ്യാനിക്കുന്നവരും, വാലല്ല തലയാക്കും എന്നുള്ളതു വിശ്വാസമായി സ്വീകരിക്കുന്നവരും ക്രിസ്ത്യാനികൾക്കിടയിൽ ധാരാളം. ഇതിന്റെ സമ്മർദ്ദം നമുക്ക് മേൽ ഉണ്ടെന്നുള്ളത് ഒരു വാസ്തവം അല്ലേ? നമ്മുടെ വിരുത് തെറ്റിക്കുവാനുള്ള പിശാചിന്റെ കെണി! ദ്രവ്യാഗ്രഹത്തിലേക്കുംലോകസ്നേഹത്തിലേക്കും തള്ളിവിടുന്ന ശക്തമായ ഒഴുക്കാണിത്. പലരുടെയും ആത്മീയ മന്ദതയ്ക്ക് പിന്നിൽ പിശാചിന്റെ ഈ മയക്കുമരുന്നാണ് കാരണം. ക്രൂശിതനായ ക്രിസ്തുവിനെ ധ്യാനിക്കുക. ഇത്ര വലിയ വില കൊടുത്ത് നമ്മെ വീണ്ടെടുത്തത് നാം ലോകത്തിന് അടിമപ്പെട്ടു പോകുന്നതിനോ? ലോകം വാഗ്ദാനം ചെയ്യുന്ന ഭൗതിക സമൃദ്ധിയാണോ യഥാർത്ഥ സംതൃപ്തിയും അനുഗ്രഹവും? നമുക്ക് അതിനേക്കാളും ഉത്തമ സമ്പത്ത് നേടുവാൻ ഇല്ലേ? ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുതെന്നല്ലേ കർത്താവ് നമുക്ക് നൽകുന്ന ഗുണദോഷം.ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ

ഇച്ഛിക്കുന്നവൻ ദൈവത്തിന്റെ ശത്രു ആയി ത്തീരുന്നു എന്നല്ലേ തിരുവചനം നമ്മെ പഠിപ്പി ക്കുന്നത്? ഉണ്ണുവാനും ഉടുക്കുവാനും ഉണ്ടെങ്കിൽ മതി എന്നു ചിന്തിക്കുമ്പോഴല്ലേ നമുക്ക് സംതൃപ്തരാകുവാനും ദ്രവ്യാഗ്രഹത്തിന്റെ കെണിയിൽ നിന്ന് രക്ഷപ്പെടുവാനും കഴിയുന്നത്? ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ ധ്യാനിച്ചാൽ ഈ ദിശാബോധം നമ്മിൽ വളർന്നു പ്രബലപ്പെടും.

*ആത്മീയതയിൽ മുന്നേറുവാൻ ആഗ്രഹിക്കുന്നവർ നിരാശപ്പെടുന്ന മറ്റൊരു കാരണമാണ് ക്രിസ്തീയനേതൃത്വങ്ങളിൽ ഉള്ളവരുടെ അമാതൃകയും അധികാര വടംവലിയും മറ്റും.* വിമർശകർക്കും പരിഹാസികൾക്കും ഭക്തന്മാരെ നിന്ദിക്കുവാൻ അതിനാൽ അവസരം ഉണ്ടാകുന്നു. ആത്മീയ ജീവിതം അസാധ്യം ആണെന്നുള്ള അവിശ്വാസം വളരുവാനും ഇത് കാരണമായി ത്തീരുന്നു. ഒരിക്കൽ ആത്മീകരായിരുന്നവരുടെ പിന്മാറ്റ ജീവിതവും ആത്മീയതയിൽ വളരുവാൻ ആഗ്രഹിക്കുന്നവരെ നിരുത്സാഹപ്പെടു ത്തുന്നതാണ്. എന്നാൽ ഇതിനെല്ലാം പരിഹാര മാണ് യേശുവിങ്കലേക്ക് നമ്മുടെ പൂർണ്ണ ശ്രദ്ധ പതിപ്പിക്കുന്നത്. നാം വിശ്വസിക്കുന്നത് ക്രിസ്തുവിൽ ആണ്. നാം അനുഗമിക്കുന്നത് ക്രിസ്തുവിനെയാണ്. ക്രൂശിലെ സ്നേഹം മാറ്റമില്ലാത്ത സ്നേഹമാണ്. നമുക്ക് വേണ്ടി ദൈവം കൊടുത്ത മുഴുവിലയും അവിടെ തുറന്നുകാട്ടിയിരിക്കുന്നു. ഈ നല്ല കർത്താവിനെ അനുഗമിക്കുന്നതിൽ നിന്നും നമ്മെ പിന്തിരിപ്പിക്കുവാൻ ആർക്ക് കഴിയും? മഹാസ്നേഹത്തിന്റെ വിസ്മയമായ, മഹത്വത്തിന്റെ പ്രത്യാശയായ, ക്രിസ്തുവിനെ സേവിക്കുന്നതിനാൽ ലഭിക്കുന്ന ആനന്ദം മറ്റെവിടെ നിന്ന് ലഭിക്കും?

കർത്താവ് വിശ്വസ്തൻ! അവിടുന്ന് നമുക്ക് നൽകിയിരിക്കുന്ന വാഗ്ദാനങ്ങൾ മാറ്റമില്ലാത്തവയാണ്. അപ്പോസ്തലനായ പൗലോസ് നമ്മെ ഓർമിപ്പിക്കുന്നു. 'ഞാനും സിൽവാനോസും തീമോഥെയൊസും നിങ്ങളുടെ ഇടയിൽ പ്രസംഗിച്ച ദൈവപുത്രനായ യേശുക്രിസ്തു ഒരിക്കൽ ഉവ്വ് എന്നും മറ്റൊരിക്കൽ ഇല്ല എന്നും ആയിരുന്നില്ല, അവനിൽ ഉവ്വ് എന്നത്രേയുള്ളൂ. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എ ന്നത്രേ. അതുകൊണ്ട് ഞങ്ങളാൽ ദൈവത്തിനു മഹത്വം ഉണ്ടാകുമാറ് അവനിൽ ആമേൻ എന്നും തന്നെ (2 കൊരിന്ത്യർ 1:19,20).

യഥാർത്ഥ ആത്മീയത ക്രിസ്തുവുമായുള്ള നമ്മുടെ ആത്മബന്ധമാണ്. അത് മുറിച്ചു മാറ്റുവാൻ കഴിയാത്ത നിത്യബന്ധമാണ്. അപ്രകാരം അനുഭവിക്കുന്നവർക്ക് കൃപമേൽ കൃപ പ്രാപിച്ച് വിശ്വാസ ജീവിതത്തിൽ എല്ലാ തടസ്സങ്ങളെയും അതിജീവിച്ച് മുന്നേറാൻ കഴിയും. അവരുടെ ശ്രദ്ധ മുഴുവൻ ക്രിസ്തുവിൽ ആയിരിക്കുന്നു. ക്രൂശിക്കപ്പെട്ട ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹത്തിന്റെ നിസ്തുലത അവർക്കെന്നും പ്രചോദനവും ആത്മവീര്യവുമായി തീരുന്നു. ഈ ബലത്തിൽ മന്ദതകളെ മറികടക്കുവാൻ നാം പ്രാപ്തരാണ്, ആമേൻ! ●

# ഒരു മികച്ച ക്രിസ്ത്യാനിയാകാൻ...

ഒരു മികച്ച ക്രിസ്ത്യാനിയാകാൻ പലരും ആഗ്രഹിക്കുന്നു. അത് എങ്ങനെ സാധ്യമാക്കാം? പൗലോസ് അപ്പോസ്തലൻ ഒരു ക്രിസ്ത്യാനിയായിരുന്നു. യേശുവിനെക്കുറിച്ച് മറ്റുള്ളവരോട് പറയുവാനും സ്വന്തം ആത്മീയവളർച്ചയിലും താൻ പ്രതിജ്ഞാബദ്ധനായിരുന്നു. എന്നിട്ടും പൗലോസ് തൃപ്തനായില്ല; ഇനിയും കൂടുതൽ ശക്തനും വിശ്വസ്തനുമായ ഒരു ക്രിസ്ത്യാനിയാകണമെന്ന് തനിക്കറിയാമായിരുന്നു. വളരാനും ശാരീരികമായി ശക്തരാകാനും ഭക്ഷണം ആവശ്യമുള്ളതുപോലെ, ആത്മീയമായി വളരാനും ശക്തരാകാനും ആത്മീയ ആഹാരം അനിവാര്യമാണ്. അതിനായി വചനധ്യാനവും പ്രാർത്ഥനയും മറ്റ് വിശ്വാസികളുമായുള്ള കൂട്ടായ്മയും നാം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. എല്ലാദിവസവും ദൈവവുമായി മധുര സമ്പർക്കം ചെയ്യുവാൻ സമയം നീക്കിവയ്ക്കുക. വചനം ധ്യാനിക്കുക. അത് ജീവിത ത്തിൽ പ്രയോഗികമാക്കുവാൻ ദൈവസഹായത്തിനായി അപേക്ഷിക്കുക. പ്രാർത്ഥിക്കുവാൻ സമയമെടുക്കുക. ദൈവത്തിന്റെ എല്ലാ നന്മയ്ക്കും നന്ദി പറയുക. നമ്മുടെ ആശങ്ക കൾ ദൈവത്തിൽ സമർപ്പിക്കുക.



സാജു മാത്യു

# ലോകത്തോട് ഒത്തുതീർപ്പില്ലാത്ത ദൈവസഭ

*''അപ്പോൾ യിസ്രായേൽ പുരുഷന്മാർ യഹോവയോടു ചോദിക്കാതെ അവരുടെ ഭക്ഷണസാധനം വാങ്ങി ആസ്വദിച്ചു" (യോശുവ 9:14).*

**കു**റെ വർഷങ്ങൾക്കു മുമ്പ് കേരളത്തിലെ ഒരു നഗരത്തിൽ വഴിയരികിൽ ഒരു യാചകൻ മരിച്ചുകിടന്നു. നാളുകളായി അയാൾ നഗരത്തിൽ ഭിക്ഷാടനം നടത്തുകയായിരുന്നു. മുനിസിപ്പാലിറ്റി ജീവനക്കാർ വന്ന് ശവമെടുത്ത് അടക്കാൻ നോക്കിയപ്പോൾ അയാളുടെ കുപ്പായത്തിന്റെ ഉള്ളറയിൽ പല പോക്കറ്റുകളിലായി മൂന്നേ മുക്കാൽ ലക്ഷം രൂപയുടെ നോട്ടുകൾ സൂക്ഷിച്ചു വെച്ചിരുന്നു!

ഇത്രയും സമ്പാദ്യമുണ്ടായിരുന്നിട്ടും അയാൾ എന്തുകൊണ്ട് ഒരു നല്ല കുപ്പായം തുന്നിച്ചില്ല? നല്ല ചെരുപ്പിട്ടില്ല? ഹോട്ടലിൽ കയറി ഭക്ഷണം കഴിക്കാതെ കുപ്പയിലെ എച്ചിലിലകളിൽ നിന്ന് ഉച്ചിഷ്ടം ഭക്ഷിച്ചു? എന്തുകൊണ്ട് മുടി ചീകാതെ, കുളിക്കാതെ, നനയ്ക്കാതെ നാറ്റം വമിപ്പിച്ചു നടന്നു? നല്ല വസ്ത്രം ധരിച്ച് നല്ല ഭക്ഷണം കഴിച്ച് ഒരുങ്ങി നടന്നാൽ ആരാണ് അയാൾക്ക് ഭിക്ഷ കൊടുക്കുക? ഭിക്ഷക്കാരെപ്പറ്റി നമുക്കൊരു സങ്കല്പമൊക്കെയില്ലെ? ധനികനാണെങ്കിലും ഭിക്ഷ കിട്ടണമെങ്കിൽ ഭിക്ഷക്കാരനായി അഭിനയിക്കണം.

രണ്ടുതരത്തിലുള്ള അഭിനയക്കാരാണ് നമുക്കു ചുറ്റുമുള്ളത്. ഒന്നുമില്ലെങ്കിലും എല്ലാമുണ്ടെന്ന മട്ടിൽ പത്രാസു കാണിച്ചു നടക്കുന്നവരാണ് ഒരു കൂട്ടർ! അങ്ങനെയുള്ളവരാണ് സമൂഹത്തിൽ കൂടുതലുള്ളത്. അവർ താരതമ്യേന അത്ര അപകടകാരികളല്ല. എന്നാൽ രണ്ടാമത്തെ കൂട്ടർ തിരിച്ചാണ്. എല്ലാമുള്ളവർ! എങ്കിലും ഒന്നുമില്ലാത്തവരെപ്പോലെ അഭിനയിക്കും. രണ്ടുകൂട്ടരുടെയും അഭിനയത്തിന് എന്തെങ്കിലും ലക്ഷ്യമുണ്ടാകും. സ്വാർഥലക്ഷ്യങ്ങളില്ലാത്തവന് അഭിനയിക്കേണ്ട കാര്യമില്ലല്ലോ. എന്നാൽ രണ്ടാം കൂട്ടരാണ് ശരിക്കും അപകടകാരികൾ!

നമ്മുടെ വേദഭാഗത്ത് കാണുന്ന 'ഗിബയോൻ' നിവാസികൾ ഈ രണ്ടാമത്തെ നിലയിലുള്ള ഒരു 'സൂപ്പർ അഭിനയ'മാണ് ഇവിടെ കാഴ്ചവയ്ക്കുന്നത്. ഇതിന്റെ പശ്ചാത്തലം ഈ രീതിയിലാണ്. യഹോവ യിസ്രായേൽമക്കൾക്ക്, അഭേദ്യമെന്നു കരുതിയിരുന്ന യെരിഹോകോട്ട തകർത്തു കൊടുത്തു. യെരിഹോ പട്ടണത്തെയും ഹായി പട്ടണത്തെയും ചിവിട്ടിമെതിക്കാൻ അവരെ യിസ്രായേലിന്റെ കാൽക്കീഴെ ഇട്ടുകൊടുക്കുകയും ചെയ്തു. ഇത് ചുറ്റുപാടുമുള്ള രാജ്യങ്ങൾ കേട്ടപ്പോൾ അവരുടെ രാജാക്കന്മാർ യിസ്രായേലിനോട് യുദ്ധംചെയ്യാൻ ഏകമനസ്സോടെ യോജിച്ചു (യോശുവ 9: 1,2). എന്നാൽ യെരിഹോക്കോട്ടയെ ഒരുനിമഷംകൊണ്ട് യഹോവയാംദൈവം തകർത്തു തരിപ്പണമാക്കി. യുദ്ധത്തിനായി വരുന്ന രാജാക്കന്മാർക്കു യിസ്രായേൽമക്കളെ തോല്പിക്കുക അത്ര എളുപ്പമല്ല എന്ന് ബുദ്ധിമാന്മാരായ ഗിബയോന്യനിവാസികൾ മനസ്സിലാക്കി.

ശ്വാസമുള്ള ഒന്നിനെയും ജീവനോടെ വയ്ക്കരുതെന്ന് യഹോവ കല്പന നല്കിയിട്ടുള്ള ചില ജാതികളുണ്ട്- അവരിലൊരു ജാതിയാണ് ഹിവ്യർ (ആവർത്തനം 20:16-18). ഗിബയോൻ

നിവാസികൾ ഹിവ്യജാതിക്കാരാണ് (യോശുവ 9:7). തങ്ങളുടെയും പട്ടണത്തിലെ "ജീവനുള്ള സകലതും" അപകടത്തിലാണെന്നറിഞ്ഞ ഗിബെയോൻ നിവാസികൾ ഒരു സൂപ്പർ തന്ത്രം മെനഞ്ഞു (യോശുവ 9: 3,4). എല്ലാമുണ്ടായിരുന്ന ഗിബെയോന്യർ നമ്മുടെ കഥയിലെ യാചകനപ്പോലെ ''പഴക്കംചെന്നു കണ്ടം വെച്ച ചെരുപ്പും, പഴയവസ്ത്രം ദേഹത്തിന്മേലും ധരിച്ച്, പഴയചാക്കിൽ ഉണങ്ങി പൂത്ത അപ്പവും, തുന്നിക്കെട്ടിയ പഴയ വീഞ്ഞ്തുരുത്തികളും കഴുതപ്പുറത്തു കയറ്റി (ഇതൊക്കെ അവർ എവിടെനിന്ന് ഒപ്പിച്ചെടുത്തോ ആവോ! ധനികരായ ചില 'കഞ്ചൂസു'കളെ കണ്ടാൽ അവരുടെ ചെരുപ്പും പിഞ്ചിയ തുണിയുമൊക്കെ എങ്ങനെ അവർ ഒപ്പിച്ചെടുത്തുവെന്ന് നമുക്കു തന്നെ സംശയം തോന്നാം) ഗിൽഗാലിലെ യോശുവയുടെ പാളയത്തിലേക്കു വന്നു'' (യോശുവ 9: 4–6).

അവർ വന്നപ്പോൾ മുതൽ ഒരു കാര്യമേ പറയുന്നുള്ളൂ... "ഞങ്ങൾ ദൂരദേശത്തുനിന്നു വരുന്നു; ആകയാൽ ഞങ്ങളോട് ഒരു ഉടമ്പടി ചെയ്യണം" യോശുവ 9:6). യിസ്രായേൽ പുരുഷന്മാരിൽ ചിലർക്ക് അത് അത്രവിശ്വാസം വന്നില്ല... "നിങ്ങൾ ഞങ്ങളുടെ ഇടയിൽ പാർക്കുന്നവരായിരിക്കാം. അങ്ങനെയെങ്കിൽ ഞങ്ങൾക്ക് ഉടമ്പടി ചെയ്യാൻ പറ്റില്ല. കാരണം യഹോവ ഞങ്ങൾക്കുതന്ന ഈ കനാൻദേശത്തെ ആരുമായും ഞങ്ങൾക്ക് ഉടമ്പടി ചെയ്യാൻ പറ്റില്ല" (യോശുവ 9:7). അതിനു കാരണമുണ്ട്. ഞങ്ങൾ താമസിക്കാൻ പോകുന്ന ഈ നാട്ടിലെ ജനങ്ങളുമായി ഞങ്ങൾ ഉടമ്പടിചെയ്ത് ഇടകലർന്നാൽ അവരുടെ മ്ലേച്ഛതകൾ ഞങ്ങളുടെ വരുംതലമുറ പഠിക്കും. അതിനാൽ അവരെ ഉന്മൂലനം ചെയ്യണം എന്നാണ് യഹോവയുടെ കല്പന (ആവർത്തനം 20: 16–18).

ഇതുകേട്ടിട്ട് ഗിബയോന്യർ അവരോടു മറുപടി പറഞ്ഞില്ല. പകരം യോശുവയുടെ അടുത്തുവന്നു: "സർ, ഞങ്ങൾ പാവങ്ങളാണ്– നിന്റെ ദാസന്മാർ" (യോശുവ 9: 8). അവരുടെ ദൈന്യഭാവം കണ്ട് യോശുവയും വീണുപോയി... ആത്മികർക്കും ചിലപ്പോഴൊക്കെ കളിപ്പുപറ്റാം!. "നിങ്ങൾ ആർ? എവിടെനിന്നു വരുന്നു?" യോശുവ ചോദിച്ചു.

"അടിയങ്ങൾ നിന്റെ ദൈവമായ യഹോവയുടെ നാമംനിമിത്തം ഏറ്റവും ദൂരത്തു നിന്നു വന്നിരിക്കുന്നു" യോശുവ 9: 9).

നോക്കൂ... അവരുടെ കപടത! എവിടെനിന്നു വരുന്നുവെന്നോ, അവർ ആരാണെന്നോ അവർ വെളിപ്പെടുത്തുന്നില്ല. "ദൂരത്തുനിന്നു വരുന്നു; ദൂരത്തുനിന്നു വരുന്നു..." അങ്ങനെ "ദൂരത്തുനിന്ന്'' എന്നൊരു സ്ഥലമുണ്ടോ? ആരാണു നിങ്ങൾ എന്ന ചോദ്യത്തിന് അവരെന്താണു മറുപടി പറയാത്തത്?

ക്രിസ്തുവിനു മുമ്പ് 15–ാംനൂറ്റാണ്ടിന്റെ മധ്യപാദത്തിലാണ് (ബി.സി. 1450) ഈ കാര്യങ്ങൾ നടക്കുന്നത്. ഗിൽഗാലിലെ യിസ്രായേല്യ പാളയത്തിന് 25 കിലോമീറ്റർ മാത്രം ദൂരമുള്ള ഹിവ്യരുടെ പട്ടണങ്ങളിൽ ഒന്നാണ് ഗിബയോൻ! ദൂരെ നിന്നുവരുന്നവർ എന്ന് ധരിപ്പിക്കാൻ, അവർ യഹോവ മിസ്രയീമിലും ഹെശ്ബോനിലും അസ്തരോത്തിലും യിസ്രായേൽമക്കൾക്കുവേണ്ടി ചെയ്ത (യോശുവ 9: 9,10) കാര്യങ്ങളൊക്കെ കാണാതെ പഠിച്ചുവന്നിരിക്കുന്നു (നല്ലൊരു ചരിത്രഗവേഷണം തന്നെ അവർ നടത്തിയിട്ടുണ്ട്!) എന്നാൽ അവരുടെ തൊട്ടടുത്ത നാടായ യെരിഹോവിലും ഹായിയിലും യഹോവചെയ്ത കാര്യങ്ങളെപ്പറ്റി അവർ ഉരിയാടുന്നതേയില്ല.

''അതുകൊണ്ട് ഞങ്ങളുടെ മൂപ്പന്മാരും ദേശനിവാസികളും നിങ്ങളോട് ഉടമ്പടിചെയ്യാൻ പ്രതിനിധികളായി ഞങ്ങളെ അയച്ചതാണ്. കുറെനാളായി വീട്ടിൽനിന്ന് ഇറങ്ങിയിട്ട്. നോക്കൂ, ഞങ്ങളുടെ വസ്ത്രം പഴകി, ചെരിപ്പു തേഞ്ഞു... വീട്ടിൽ നിന്നു ചൂടോടെ എടുത്ത അപ്പം പൂത്തുപോയി..." (യോശുവ 9: 1–13).

"നിങ്ങൾ ആരാണ്? ഏതു ജാതിക്കാരാണ്? എവിടുത്തുകാരാണ്?".

അതു പറയാതെ ''ദൂരെദേശത്തുനിന്നു വരുന്നു!" എന്ന് മാത്രമാണ് അവരുടെ മറുപടി.

സ്വന്തം വ്യക്തിത്വത്തെപ്പറ്റി മുഖത്തുനോക്കി പറയാൻ തന്റേടമില്ലാത്ത ഒരാളെയും വിശ്വസിക്കരുത്. "ഞാനാരാണ്" എന്നു വെളി പ്പെടുത്താത്തവൻ കള്ളനോ ഭീരുവോ ആണ്. രണ്ടുകൂട്ടരും അപകടകാരികൾ! അപ്പം പൂത്തുപോകുന്ന സമയംകൊണ്ട് എങ്ങനെയാണ് വസ്ത്രം പഴകുകയും ചെരിപ്പുതേയുകയും ചെയ്യുന്നത്? ആരും ഈ ചോദ്യം ചോദിച്ചില്ല. ചോദിച്ചിരുന്നെങ്കിൽ അവരുടെ പൂച്ച് പുറത്താ യേനേ... എന്തുചെയ്യാം! ദൈവസഭയിൽ നുഴഞ്ഞു കയറാൻ പരിശ്രമിക്കുന്ന കപടജീവികൾ തങ്ങളുടെ അഭിനയപ്രതിഭകൊണ്ട് പലപ്പോഴും ദൈവമക്കളുടെ കണ്ണ് കുരുടാക്കിക്കളയുന്നു!

ശേഷം പേജ് 28 ▶



**ജോർജ് മാത്യു, പുതുപ്പള്ളി**

# വ്യർത്ഥമായ പിതൃപാരമ്പര്യം വിട്ടോടാം

സഭയുടെ ഉപദേശങ്ങൾക്കും ആചാരങ്ങൾക്കും അടിസ്ഥാനമായിരിക്കേണ്ടത് ദൈവത്തിന്റെ പുസ്തകമായ വിശുദ്ധ വേദപുസ്തകം മാത്രമാണ്. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യസനത്തിനും പ്രയോജനമുള്ളതാകുന്നു (2 തിമൊഥെയൊസ് 3 :16, 17) എന്ന വചനപ്രകാരം പാരമ്പര്യങ്ങൾക്ക് യാതൊരു പ്രാധാന്യവുമില്ലെന്നു വ്യക്തമാകുന്നു. പിതൃപാരമ്പര്യം വ്യർത്ഥമാണെന്നും വീണ്ടെടുപ്പ് ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടാണ് സാദ്ധ്യമാകുന്നതെന്നും പത്രൊസ് പ്രഖ്യാപിക്കുന്നു (1 പത്രൊസ് 1:18,19). ദൈവവചനത്തിനു വിരുദ്ധമായ പാരമ്പര്യങ്ങൾക്ക് യാതൊരു പ്രസക്തിയുമില്ല. പാരമ്പര്യംകൊണ്ട് ദൈവവചനത്തെ നിരർത്ഥകമാക്കുന്ന കപടപരീശരെ യേശുകർത്താവ് ശാസിക്കുന്നുമുണ്ട്: ഇങ്ങനെ നിങ്ങൾ ഉപദേശിക്കുന്ന സമ്പ്രദായത്താൽ ദൈവകൽപന ദുർബലമാക്കുന്നു, ഈ വക പലതും നിങ്ങൾ ചെയ്യുന്നു' (മർക്കൊസ് 7 : 13).

ആദിമ ക്രൈസ്തവസഭ പാരമ്പര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുകയോ അവ പിന്തുടരുകയോ ചെയ്തിരുന്നില്ല. സഭയ്ക്കു പ്രതിമകളോ, രൂപങ്ങളോ, പൂജകളോ, വസ്തുക്കൾ വച്ചുള്ള ആരാധനാരീതികളോ ഉണ്ടായിരുന്നില്ല. അപ്പൊസ്തലന്മാരുടെ കാലത്തു തന്നെ ചിലർ സുവിശേഷത്തിൽ മായം ചേർത്തു പ്രസംഗിക്കാൻ തുടങ്ങി. ഇത്തരക്കാരെ സൂക്ഷിക്കണമെന്ന് പൗലൊസ് കർശനമായി നിർദ്ദേശിക്കുകയുണ്ടായി. (ഗലാത്യർ 1 : 6,7). പൂർവപിതാക്കന്മാർ വേറൊരു സുവിശേഷ'ത്തെയെല്ലാം അതിജീവിച്ചുകൊണ്ട് സത്യസുവിശേഷം പഠിപ്പിച്ചു. അവരുടെ മരണശേഷം മൂന്നാം നൂറ്റാണ്ടിൽ കുസ്തന്തീനോസ് ചക്രവർത്തിയുടെ കാലത്ത് സഭയിൽ ജാതീയ ആചാരങ്ങൾ വീണ്ടും കടന്നുകൂടി. റോമൻ ജനത ആരാധിച്ചു വന്നിരുന്നത് അപ്പോളോ, മിനർവ, മഡോണ, ജുപ്പിറ്റർ തുടങ്ങിയ ദേവീദേവന്മാരെയായിരുന്നു. രാജാവിനെ ഭയന്ന് ക്രിസ്തുമതത്തിൽ ചേക്കേറിയ ഈ കൂട്ടർ അവരുടെ

ആചാരങ്ങളും ക്രിസ്തുമതത്തിൽ കൂട്ടിക്കലർത്തി

കുസ്തന്തീനോസിന്റെ കാലത്തെ സഭാനേതാവിന് അദ്ദേഹം ലാറ്ററൻ നഗരത്തിലുള്ള ഫൗസ്റ്റാ' കൊട്ടാരം താമസിക്കുവാനായി നൽകി. ധാരാളം സ്വത്തുക്കളോടൊപ്പം പദവിയും അധികാരവും അവർക്കു ലഭിച്ചു. ശുശ്രൂഷയ്ക്കായി പട്ടാളക്കാരും സേവകരും നിയമിക്കപ്പെട്ടു. പുരോഹിത ശ്രേഷ്ഠർക്ക് രാജകീയ വസ്ത്രങ്ങളും രാജാവിന്റെ ചെങ്കോലിനു തുല്യമായ അംശവടി, തൊപ്പി എന്നിവയും ലഭ്യമായി. അങ്ങനെ പൗരോഹിത്യവൃന്ദം സുഖലോലുപരായും ആഡംബരപ്രിയരായും അധികാരമോഹികളായും മാറി.

ക്ഷേത്രങ്ങൾ ക്രൈസ്തവ ദേവാലയങ്ങളാക്കിയെങ്കിലും പ്രതിമകളും രൂപങ്ങളുമില്ലാതെ ആരാധിക്കാൻ റോമാക്കാർക്ക് ശീലമില്ലായിരുന്നു. സത്യത്തിലും ആത്മാവിലും ആരാധിക്കാൻ കഴിയാതിരുന്ന അവർ പഴയ വിഗ്രഹാരാധന രഹസ്യമായി ആരംഭിച്ചു. റോമൻ ജനതയുടെ ഇഷ്ടദേവിയായിരുന്നു മഡോണ. അവർക്ക് അർത്തെമിസ് എന്നും പേരുണ്ടായിരുന്നു (അപ്പോസ്തല പ്രവർത്തി 19 : 24). ഈ ദേവിക്ക് സൂര്യദേവനിൽ നിന്നും ജനിച്ച ഒരു പുത്രനുണ്ടായിരുന്നു എന്നാണ് റോമൻ വിശ്വാസം. മഡോണദേവി കുഞ്ഞിനെയും എടുത്തു നിൽക്കുന്ന പ്രതിമകളുണ്ടാക്കി റോമൻജനത ആരാധിച്ചുപോന്നു. ക്രിസ്തുമതം ഈ ദേവിയെ ആരാധിക്കാൻ റോമാക്കാരെ വീണ്ടും അനുവദിച്ചു.

ഇതു വിഗ്രഹാരാധന അല്ലെന്നാക്കിത്തീർക്കാൻ ആരാധാനാരീതിയിൽ ഒരു ചെറിയ മാറ്റം വരുത്തി. മഡോണയുടെ പ്രതിമ, കന്യക മറിയമാണെന്നും, കയ്യിലിരിക്കുന്ന കുഞ്ഞ്, ഉണ്ണിയേശുവാണെന്നും സങ്കൽപിച്ച് ആരാധന തുടർന്നു. റോമാക്കാർക്ക് ഇത് ഇഷ്ടമായി. വിഗ്രഹാരാധന ക്രിസ്തുമതത്തിൽ പെരുകി വന്നപ്പോൾ നേർച്ച കാഴ്ചകൾ കുമിഞ്ഞുകൂടി. മതനേതാക്കൾ കോടീശ്വരന്മാരായി. മതത്തിന് സ്വത്തുക്കൾ വർദ്ധിച്ചു. അങ്ങനെ മൂന്നാം നൂറ്റാണ്ടു മുതൽ ക്രിസ്തീയ സഭ ജാതീയ മതമായി അധഃപ്പതിക്കാൻ കാരണമായി. വിഗ്രഹാരാധനയെ എതിർത്ത വിശുദ്ധന്മാരെ കൂട്ടത്തോടെ കൊന്നൊടുക്കാൻ പൗരോഹിത്യ നേതൃത്വം തയാറായി. ദൈവവചനം പഠിപ്പിക്കുന്നതും പ്രസംഗിക്കുന്നതും നിർത്തലാക്കി. കൊല്ലപ്പെട്ട പിതാക്കന്മാരെ വിശുദ്ധരായി പ്രഖ്യാപിക്കാൻ മാർപാപ്പ പിന്നീട് ആഗ്രഹം പ്രകടിപ്പിച്ചു. വിഗ്രഹാരാധനയും സുവിശേഷവും കോർത്തിണക്കി ക്രിസ്തീയസഭയെ പാരമ്പര്യ സഭയാക്കിത്തീർക്കാനാണ് ഇന്നുള്ള എപ്പിസ്കോപ്പൽ സഭകൾ ശ്രമിച്ചുവരുന്നത്.

ഒരു വ്യക്തിയുടെ മരണശേഷം അയാളുടെ ആത്മരക്ഷയ്ക്കായി ആർക്കും ഒന്നും ചെയ്യുവാൻ കഴിയുകയില്ല. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്യുന്നതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു' (2 കൊരിന്ത്യർ 5:10) എന്നത്രെ ദൈവവചനം. നീതിമാൻ പ്രയാസേന രക്ഷ പ്രാപിക്കുന്നുവെങ്കിൽ അഭക്തന്റെയും പാപിയുടെയും ഗതിയെന്താകും?' (1 പത്രൊസ് 5 : 18) എന്നും നാം വായിക്കുന്നു. ഭീരുക്കൾ, അവിശ്വാസികൾ, അറയ്ക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്കു പറയുന്ന ഏവർക്കുമുള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രെ' എന്നു വെളിപ്പാട് പുസ്തകത്തിലും രേഖപ്പെടുത്തിയിരിക്കുന്നു. (വെളിപ്പാട് 21 : 8). അങ്ങനെയെങ്കിൽ ഒരു മദ്യപാനിയോ, ദുർമാർഗിയോ മരിച്ചാൽ അവന്റെ ആത്മാവിനു ശാന്തികിട്ടാൻ വേണ്ടി നടത്തുന്ന കർമങ്ങളും പ്രാർത്ഥനകളും വ്യർത്ഥമാണെന്നു മനസിലാക്കാൻ സാമാന്യബുദ്ധി മതി. ഈ ദുഷിച്ച തലമുറയിൽ നിന്നു നിങ്ങളെത്തന്നെ രക്ഷിക്കുവിൻ' എന്ന് അപ്പൊസ്തലന്മാർ പ്രസംഗിച്ചു. ദൈവാത്മവിനാൽ നയിക്കപ്പെടുന്ന ജീവിതം പിന്തുടരുന്നവർക്കു മാത്രമേ സ്വർഗപ്രവേശനം സാദ്ധ്യമാകൂ. വീക്ഷണത്തിലും ഭാവത്തിലും ചിന്തയിലും വാക്കിലും സമീപനത്തിലും പ്രതികരണത്തിലും ജീവിതത്തിന്റെ സമസ്തമേഖലകളിലും ദൈവത്തിനു പ്രസാദകരവും മനുഷ്യർക്കു സാക്ഷ്യവുമുള്ളതായിരിക്കണം ക്രിസ്തീയജീവിതം. അങ്ങനെയുള്ളവർ മരിച്ചാൽ ഒരു കർമ്മവും നടത്താതെ തന്നെ അവരുടെ ആത്മാവ് ദൈവസന്നിധിയിൽ എത്തിക്കൊള്ളും.

ആത്മീയജീവനുള്ളവർ എപ്പോൾ മരിച്ചാലും എവിടെ വച്ച് മരിച്ചാലും അവരുടെ ആത്മാവ് പറുദീസയിൽ ചെല്ലും. മൺകൂടാരം മാർബിൾ കല്ലറയിൽ അടക്കിയാലും ചാണകക്കുഴിയിൽ വലിച്ചെറിഞ്ഞാലും വിശുദ്ധന് അതു പ്രശ്നമല്ല. എവിടെ അടക്കുന്നു എന്നുള്ളതല്ല ഭാഗ്യം, ക്രിസ്തു

ശേഷം പേജ് 24 ▶



ചെയ്സ് ജോസഫ്

# ക്രിസ്തുവിന്റെ ദൈവത്വം

എബ്രായ ലേഖനത്തെ ആധാരമാക്കിയുള്ള ഒരു പഠന പരമ്പര ആരംഭിക്കുകയാണ്. ഇത് ജ്ഞാനം വർധിപ്പിക്കുന്നതിനല്ല, പ്രത്യുത, നമ്മുടെ രക്ഷയ്ക്ക് ദൈവം നൽകിയ മറുവില എന്താണെന്ന് നാം മനസ്സിലാക്കുന്നതിനും നമുക്ക് ദാനമായി ലഭിച്ച നിത്യരക്ഷയെ ഗൗരവമായി എടുക്കേണ്ടതിന്റെ ആവശ്യം ബോധ്യപ്പെടേണ്ടതിനും ആണ്.

**ആര് എഴുതി:**

ലേഖനകർത്താവിന്റെ പേരില്ലാത്ത ഒരേ ഒരു പുസ്തകം ആണ് എബ്രായ ലേഖനം. എന്നാൽ ഈ വിഷയം വിശദമായി പ്രതിപാദിക്കുക എന്നത് ഈ പഠനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നില്ല. ഇത് എഴുതിയത് പൗലോസ് തന്നെയോ? പല ഗ്രീക്ക് കൈയെഴുത്തു പ്രതികളിലും പൗലോസ് എബ്രായർക്കെഴുതിയ ലേഖനം എന്നാണ് കാണുന്നത്.എന്നാൽ ചിലതിലില്ലാത്തതിനാൽ പൊതുവിൽ അത് വിട്ടു കളഞ്ഞിരിക്കുന്നു. മറ്റു ലേഖനങ്ങളിൽ പൗലോസ് മുമ്പോട്ടു വയ്ക്കുന്ന ആശയങ്ങൾ തന്നെയാണ്, യഹൂദ പശ്ചാത്തലം ഉള്ള വായക്കാർക്കു വേണ്ടി അവർക്കു മനസ്സിലാകുന്ന ഭാഷയിൽ ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്. ലേഖകന്റെ പേര് വെളിപ്പെടുത്താൻ പരിശുദ്ധാത്മാവിനു തോന്നാത്തത് കൊണ്ട് നാമും അതിനായി ഉദ്യമിക്കേണ്ടതില്ല. ദൈവം നമുക്ക് തന്റെ ദാസന്മാരിലൂടെ നൽകുവാൻ തിരുഹിതമായി എന്ന അറിവ് തന്നെ നമുക്ക് ധാരാളമായി മതിയാകും. വേദപുസ്തകം നിശബ്ദം ആയിരിക്കുന്ന കാര്യങ്ങളിൽ നാം വാചാലർ ആകേണ്ടതില്ല. എന്താണ് ഈ ലേഖനത്തിലെ പ്രധാന പ്രതിപാദ്യവിഷയം? യേശുക്രിസ്തു എങ്ങനെ പുതിയ നിയമത്തിന്റെ എന്നേയ്ക്കും നിലനിൽക്കുന്ന പുരോഹിതനും മധ്യസ്ഥനും യാഗം അർപ്പിക്കുന്ന കുഞ്ഞാടും ആയി എന്ന് ഈ ലേഖനം പഠിപ്പിക്കുന്നു. കഠിനമായ പീഡനങ്ങളുടെ മധ്യത്തിൽ പലരും വിശ്വാസം ഉപേക്ഷിക്കുവാൻ നിർബന്ധിക്കപ്പെടുന്ന ഒരു സാഹചര്യത്തിൽ വിശ്വാസികളെ ധൈര്യപ്പെടുത്തുന്നതിനും, പഴയ വ്യവസ്ഥകളുടെ പ്രയോജനമില്ലായ്മയെ ബോധ്യപ്പെടുത്തുന്നതിനും ആണ് ഈ ലേഖനം എഴുതിയിട്ടുള്ളത്. വിശ്വാസത്തെ ഗൗരവമായി എടുക്കുവാനും നല്ല ഓട്ടം ഓടുവാനും ഈ ലേഖനം ബുദ്ധി ഉപദേശിക്കുന്നു. ക്രിസ്തുവിലേക്കു നമ്മുടെ എല്ലാ ശ്രദ്ധയും തിരിക്കുന്ന വിശിഷ്ടമായ ഒന്നാണ് എബ്രായലേഖനം.

**ആരാണ് ക്രിസ്തു?** എബ്രായലേഖനം തുടങ്ങുന്നത് യേശുവിന്റെ

ദൈവപുത്രൻ എന്ന വിശേഷണത്തെ ഊന്നിക്കൊണ്ടാണ്. ഒന്നാം അദ്ധ്യായം തുടങ്ങുന്നത് യേശുവിന്റെ പുത്ര ത്വത്തെ സൂചിപ്പിച്ചു കൊണ്ടാണെങ്കിലും മു മ്പോട്ടു പോകുന്തോറും പിതാവിന് തുല്യനായ, ആരാധനയ്ക്കു യോഗ്യനായ, ദൈവമായി പുത്ര നെ ലേഖകൻ പരിചയപ്പെടുത്തുന്നു. യേശു വിന്റെ ദൈവത്വത്തെ കുറിക്കുന്ന പ്രധാന പരാ മർശങ്ങൾ ഉള്ള പുസ്തകങ്ങളിൽ ഒന്നാണ് എബ്രായ ലേഖനം.

**1. പിതാവിനെ വെളിപ്പെടുത്തുന്ന പുത്രൻ:** യേശുക്രിസ്തുവിനു മുമ്പ് ദൈവത്തെക്കുറിച്ചുള്ള വെളിപ്പാട് ഭാഗം ഭാഗമായും വിവിധമായും ആണ് പ്രവാചകന്മാരാൽ നൽകപ്പെട്ടത്. ഭാഗം ഭാഗമായും വിവിധങ്ങളായും എന്ന പ്രയോഗം സൂചിപ്പിക്കുന്നത് അപൂർണ്ണതയെ ആണ്. ക്രിസ്തുവിനു മുമ്പുള്ള ദൈവീക വെളിപ്പാട് അടുക്കും ചിട്ടയും ഇല്ലാത്തതും അപൂർണ്ണവും ആയി നമുക്കനുഭവപ്പെട്ടേക്കാം. എന്നാൽ ക്രിസ്തുവിലൂടെ ഈ അവസാന കാലത്തു ദൈവം സംസാരിക്കുമ്പോൾ ദൈവീക ഉദ്ദേശ്യത്തിന്റെ പൂർണ്ണത എന്തെന്ന് നമുക്കു മനസ്സിലാക്കാം. യോഹന്നാൻ 1:18 പറയുന്നു. ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല. എന്നാൽ തന്റെ വലതുഭാഗത്തു ഇരിക്കുന്നവനായ ക്രിസ്തു പിതാവിനെ വെളിപ്പെടുത്തിയിരിക്കുന്നു. കൊലോസ്യർ 2:9 പറയുന്നു, ക്രിസ്തുവിലല്ലോ ദൈവത്തിന്റെ സർവസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്. പുത്രനിലൂടെ ദൈവം വെളിപ്പെടുത്തുന്നത് തന്നെത്തന്നെ ആണ്, അതേ അർത്ഥത്തിലാണ് യോഹന്നാൻ 17:4 പറയുന്നത്. ഏകസത്യ ദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുന്നത് തന്നെ നിത്യജീവൻ ആകുന്നു. യേശു പറഞ്ഞു... എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു എന്ന്.

ദൈവത്തെ, മനുഷ്യന് വെളിപ്പെടുത്തുവാൻ ദൈവത്തിനു മാത്രമേ കഴിയൂ. അതിനായി ദൈവമഹത്വത്തെ അഴിച്ചുവച്ച് ദൈവം തന്നെ, ഭൂമിയിലേക്ക്, മനുഷ്യരുടെ ഇടയിലേക്ക് ഇറങ്ങി വരേണ്ടതുണ്ടായിരുന്നു.ദൈവസ്വഭാവത്തെയോ ഉദ്ദേശ്യത്തെയോ കുറിച്ച് ഒരു സംശയവും ഇല്ലാത്ത രീതിയിൽ വെളിപ്പെടുത്തുന്നു. എബ്രായ ലേഖനത്തിന്റെ പൊതു പ്രതിപാദന വിഷയവുമായി ഈ ചിന്തയ്ക്കു വളരെ ബന്ധം ഉണ്ട്. ഇതുവരെയുള്ള വെളിപ്പാടുകള പൂർണ്ണ മാകയാൽ ക്രിസ്തുവിലൂടെ ദൈവം അന്ത്യ കാലത്തു

**ദൈവത്തെ, മനുഷ്യന് വെളിപ്പെടുത്തുവാൻ ദൈവത്തിനു മാത്രമേ കഴിയൂ. അതിനായി ദൈവമഹത്വത്തെ അഴിച്ചുവച്ച് ദൈവം തന്നെ, ഭൂമിയിലേക്ക്, മനുഷ്യരുടെ ഇടയിലേക്ക് ഇറങ്ങി വരേണ്ടതുണ്ടായിരുന്നു. ദൈവസ്വഭാവത്തെയോ ഉദ്ദേശ്യത്തെയോ കുറിച്ച് ഒരു സംശയവും ഇല്ലാത്ത രീതിയിൽ വെളിപ്പെടുത്തുന്നു.**

വ്യക്തമായി സംസാരിച്ചു. അതുകൊണ്ട് അപൂർണമായ വെളിപ്പാടുകളാൽ നടന്നുവരുന്ന പഴയ മതാചാരങ്ങളിൽ കേന്ദ്രീകരിച്ചാൽ ദൈവത്തെ അറിയാനുള്ള ക്രിസ്തു ആകുന്ന വഴി വിട്ടു കളയുക എന്ന വലിയ തെറ്റ് ആണ് ചെയ്യുന്നത് എന്നും ലേഖകൻ ഓർമിപ്പിക്കുന്നു. പുത്രൻ വഴിയുള്ള പൂർണ വെളിപ്പാടിനെ നാം ഗൗരവമായി ശ്രദ്ധിക്കണം എന്നും, ആഴമായ ബഹുമാനം ആ വെളിപ്പാടിനോട് ഉണ്ടാകണം എന്നും ഇതിലൂടെ ഉദ്ദേശിക്കുന്നു. പുത്രന്റെ ദൈവത്വം ആണ് ഈ പുതിയ പൂർണ വെളിപ്പാടിന് ധാർമ്മികതയും ആധികാരികതയും നൽകുന്നത്, ദൂതന്മാരാലാരാധിക്കപ്പെടുന്ന പുത്ര നായ ദൈവം, തന്നെ നേരിട്ട് വെളിപ്പെടുത്തി യിരിക്കുന്നു എന്നത് എത്ര ഗൗരവമേറിയ കാര്യം ആണ്.

**2. ക്രിസ്തുവിന്റെ ദൈവത്വം:**

***ഒന്നാമതായി:***

സൃഷ്ടികർമ്മത്തിലുള്ള പുത്രന്റെ പങ്കിൽ, യോഹന്നാൻ പറയുന്ന പോലെ ഉളവായതു ഒന്നും യേശുവിനെ കൂടാതെ ഉളവായതല്ല. അവിടുന്ന് സർവസൃഷ്ടിക്കും ആദ്യജാതൻ ആണ് എന്ന പ്രയോഗം പല സംശയങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. ത്രിത്വത്തെ നിഷേധിക്കുന്നവർ, യേശു ദൈവത്തിന്റെ ആദ്യ സൃഷ്ടി ആണെന്ന് പറയാൻ ഈ വാക്യം ഉപയോ ഗിച്ച് കാണുന്നു. എന്നാൽ ആദ്യജാതൻ എന്നത് യേശു തന്റെ രക്ഷാകര കർമ്മത്തിനുവേണ്ടി അനേകരുടെ മുന്നോടിയായി അനേകം സഹോ ദരന്മാർക്ക് ആദ്യജാതൻ ആകുന്നതിനെ ആണ് സൂചിപ്പിക്കുന്നത്. ഏകജാതൻ, ആദ്യജാതനാകു ന്നതിലൂടെ ആണ് രക്ഷാകരദൗത്യം പൂർണമാകു ന്നതും കല സൃഷ്ടിയെയും ദൈവത്തോട് നിരപ്പിക്കുന്നതും. രക്ഷ എന്ന പദത്തെ ദൈവീക കാഴ്ചപ്പാടിൽ

ശേഷം പേജ 27 ▶



വാച്ച്മാൻ നീ

# പ്രലോഭനങ്ങളെ അതിജീവിക്കുക

**നാം** യുദ്ധംചെയ്യുന്നത് മനുഷ്യർക്കെതിരേയല്ല, മറിച്ച് ഈ ഇരുളടഞ്ഞ ലോകത്തിന്റെ അധികാരികളോടും അധികാരങ്ങളോടും ആകാശത്തിലെ ദുഷ്ടാത്മാക്കളോടുമാണ്. പ്രകൃത്യാതീതമായ ആത്മീയ ശക്തികളാണ് നമ്മെ എതിർക്കുന്ന മനുഷ്യരിലൂടെ നമ്മോടു പോരാടുന്നത്. പിശാച് അദൃശ്യമണ്ഡലത്തിലും നാം ദൃശ്യമണ്ഡലത്തിലുമാണ്. ദൈവത്തിന്റെ സർവ്വശക്തിയെ നമ്മുടെ നിസ്സഹായാവസ്ഥയിൽ നാം സഹായത്തിനായി ആശ്രയിച്ച് അംഗീകരിക്കണം. ഓരോ തവണയും പോരാടുമ്പോൾ ഇത് ദൈവവും പിശാചും തമ്മിലുള്ള യുദ്ധമാണെന്ന് നാം അംഗീകരിക്കണം. ദൈവഹിതം മാത്രം നിറവേറി നാം വിജയിക്കണം എന്ന ലക്ഷ്യത്തോടെ സാത്താന്റെ താൽപ്പര്യത്തെ എതിർക്കുകയും ചെയ്യണം. നാം ഇത് ചെയ്താൽ ദൈവത്തിന്റെ അമാനുഷികവും സർവ്വശക്തവുമായ ശക്തി സാത്താനെ ആക്രമിക്കും. സാത്താന്റെ പരാജയം ഉറപ്പാണ്. അങ്ങനെ സമാധാനത്തിന്റെ ദൈവം സാത്താനെ നിങ്ങളുടെ കാൽക്കീഴിൽ തകർത്തുകളയും (റോമർ 16:20).

*അന്ധകാരശക്തികളോട് നാം പൊരുതുമ്പോൾ എങ്ങനെ ജയാളികളാകാം എന്ന് നമുക്ക് ചിന്തിക്കാം.*

**1. ക്രിസ്തുവിന്റെ രക്തത്തിൽ മറയുക.**

പിശാച് ഏറ്റവും ഭയപ്പെടുന്നത് കർത്താവിന്റെ രക്തത്തെയാണ്. തന്റെ രക്തം ചൊരിഞ്ഞുകൊണ്ട് കർത്താവ് പിശാചിന്റെ തല തകർത്തു. വിശുദ്ധന്മാർ കർത്താവിന്റെ വിലയേറിയ രക്തത്തിൽ നിരന്തരം ആശ്രയിക്കുകയും റോമർ 6:11 ന്റെ നിലപാട് സ്വീകരിക്കുകയും ചെയ്താൽ പിശാച് പരാജയപ്പെടും. അതായതു മരിച്ച ഒരു മനുഷ്യൻ ഒന്നിനോടും പ്രതികരിക്കുന്നില്ലല്ലോ? അതുപോലെ നാമും ദൈവത്തിൽ നിന്നും നമ്മെ അകറ്റുന്ന എല്ലാ പ്രേരണകളിലും മരിച്ച മനുഷ്യനെപ്പോലെ പ്രതികരിക്കാതിരിക്കുക. കുഞ്ഞാടിന്റെ രക്തം നിമിത്തം അവർ സാത്താനെ ജയിച്ചു (വെളിപ്പാട് 12:11). നമ്മുടെ എല്ലാ വിജയങ്ങളും കർത്താവിന്റെ രക്തം നിമിത്തമാണ്. വിശ്വാസികളെ പലപ്പോഴും സാത്താൻ ആക്രമിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നു. കാരണം അവർ ഇപ്പോഴും പാപപ്രകൃതമുള്ള ശരീരത്തിലാണ് വസിക്കുന്നത്. ഇത് ശത്രുവിന് അവരെ പ്രലോഭിപ്പിക്കാൻ കാരണമാണ്. സാത്താന്റെ ആക്രമണത്തിന്റെ അടിസ്ഥാനം നമ്മിൽ വ്യാപാരിക്കുന്ന പാപമാണ്. പാപത്തിന് നമ്മുടെമേൽ ആധിപത്യമില്ലെന്ന ഉറപ്പു നാം എപ്പോഴും സ്വീകരിക്കണം. എന്നാൽ ഇതുകൊണ്ടു മാത്രം ശത്രുവിന്റെ ആരോപണങ്ങളെയോ ആരോപണങ്ങൾക്ക് ശേഷമുള്ള അവന്റെ ആക്രമണങ്ങളെയോ തടയുവാൻ കഴിയില്ല. നാം ആക്രമിക്കപ്പെടാതിരിക്കാൻ കർത്താവിന്റെ വിലയേറിയ രക്തത്തിൻ കീഴിൽ തുടർച്ചയായി മറഞ്ഞിരിക്കണം. നാം പാപം ചെയ്തു എന്നത് സത്യമാണ്. എന്നാൽ കർത്താവിന്റെ രക്തം നമ്മെ പാപങ്ങളിൽ നിന്ന് വീണ്ടെടുത്തു! കർത്താവിനു നന്ദി. അവിടുത്തെ രക്തം നമ്മെ രക്ഷിക്കുക മാത്രമല്ല, നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ എന്നേക്കും വിജയികളായിരിക്കാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

**2. ദൈവവചനം ഉള്ളിലുണ്ടാകണം.**

ദൈവവചനം നിങ്ങളിൽ വസിക്കുന്നു, നിങ്ങൾ

ദുഷ്ടനെ ജയിച്ചിരിക്കുന്നു (1 യോഹന്നാൻ 2:14). നാം ദൈവവചനം ഹൃദയത്തിൽ സംഗ്രഹിക്കുകയാണെങ്കിൽ അപകടങ്ങൾ സംഭവിക്കുമ്പോഴോ സാത്താനാൽ പരീക്ഷിക്കപ്പെടുമ്പോഴോ തിരുവെഴുത്തിലെ ഒന്നോ അതിലധികമോ വാക്യങ്ങൾ ഓർത്തിരിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ പ്രേരിപ്പിക്കും. തിരുവെഴുത്തുകൾ അപ്പോൾ നമ്മുടെ ഒളിത്താവളമായി മാറും. തിരുവെഴുത്തുകളിലെ ഈ വാഗ്ദത്തങ്ങളുടെ പിന്നിൽ ഒളിച്ചിരിക്കുകയും വാഗ്ദത്തങ്ങളുടെ ശക്തിയിൽ വിശ്വസിക്കുകയും ചെയ്താൽ ശത്രുവിന് നമ്മെ ഒന്നും ചെയ്യാൻ കഴിയില്ല. പരിശുദ്ധാത്മാവ് മനസ്സിൽ കൊണ്ടുവരുന്ന തിരുവെഴുത്തുകൾ നമ്മുടെ ശക്തിയും ധൈര്യവും വർദ്ധിപ്പിക്കും. ദൈവത്തിന്റെ ഓരോ വാക്കും ശക്തവും ജീവനുള്ളതും പ്രവർത്തനക്ഷമവുമാണ്. ദൈവവചനം നമ്മുടെ ഹൃദയത്തിൽ വസിക്കുകയും നിറയ്ക്കുകയും ചെയ്താൽ സാത്താനു നഷ്ടം സംഭവിക്കുകയും പരാജയപ്പെടുകയും ചെയ്യും.

**3. നാം അവനെ ചെറുക്കണം**

നമ്മുടെ ഉള്ളിൽ ഒരു ഇച്ഛയുണ്ട്. ഈ നിശ്ചയദാർഢ്യം ചുക്കാൻ പോലെയാണ്. എന്റെ ഹൃദയത്തിൽ കടക്കുവാൻ ഞാൻ നിന്നെ അനുവദിക്കില്ല. നിനക്ക് എന്റെ മേൽ അവകാശം നൽകില്ല എന്ന് സാത്താനോട് പറയാൻ നാം തയ്യാറായാൽ തീർച്ചയായും സാത്താൻ നമ്മിൽ നിന്ന് പിൻവാങ്ങും. എന്നിരുന്നാലും, ദൈവഹിതപ്രകാരം ഈ നിശ്ചയദാർഢ്യം ആർജ്ജിച്ചിരിക്കുന്നുവെന്നു നാം ഉറപ്പു വരുത്തണം! ഇല്ലെങ്കിൽ ഫലം വിപരീതമായിരിക്കും. ഒരു വശത്ത് നാം ദൈവത്തെ അനുസരിക്കണം, മറുവശത്ത്, പിശാചിനെ ചെറുക്കണം; അപ്പോൾ പിശാച് നമ്മെ വിട്ടു ഓടിപ്പോകും (യാക്കോബ് 4:7). ഉദാഹരണത്തിന്, ഒരു കച്ചവടക്കാരൻ നിങ്ങളുടെ അടുക്കൽ ചരക്ക് വിൽക്കാൻ വരുകയും നിങ്ങൾ വാങ്ങില്ലെന്ന നിങ്ങളുടെ തീരുമാനത്തിൽ ഉറച്ചു നിൽക്കുകയും ചെയ്താൽ നിങ്ങളുടെ ചെറുത്തുനിൽപ്പ് സ്വാഭാവികമായും അയാളെ പിന്തിരിപ്പിക്കുവാൻ ഇടയാക്കും. എന്നാൽ നിങ്ങൾ അവനുമായി വിലപേശുകയാണെങ്കിൽ, നിങ്ങൾ തീർച്ചയായും അവന്റെ ചരക്ക് വാങ്ങും. ഇന്ന് പല ക്രിസ്ത്യാനികൾക്കും പിശാചിനെ ചെറുക്കുന്നതിൽ ദൃഢമായ ഇച്ഛാശക്തിയില്ല. അവർ അവനുമായി വിലപേശുന്നു. തീർച്ചയായും പിശാച് അവന്റെ ചരക്ക് വിൽക്കുന്നു. പിശാചിനെ ചെറുക്കുമ്പോൾ, നാം നമ്മുടെ വിശ്വാസം പ്രകടമാക്കുകയും ദൈവശക്തിയോടെ സാത്താനോട് സംസാരിക്കുകയും വേണം: നിന്നെ ജയിച്ച കർത്താവായ യേശുവിന്റെ നാമത്തിൽ ഞാൻ നിന്നെ എതിർക്കുന്നു എന്ന് പറയണം. ഇത് ചെയ്തതിനുശേഷം, നാം നമ്മുടെ വിശ്വാസം പ്രയോഗിക്കണം; നാം പിശാചിനെ എതിർത്തതിനാൽ, ദൈവം തന്റെ വചനത്തിന്റെ അടിസ്ഥാനത്തിൽ അവനെ ഓടിച്ചുകളയും. അതിനായി ദൈവത്തെ സ്തുതിക്കുകയും ചെയ്യുക. സാത്താൻ ഓടിപ്പോയി. നമ്മെ സ്നേഹിക്കുന്ന കർത്താവിലൂടെ നാം ജയാളികളാണ്. സാത്താൻ പത്രോസിലൂടെ കർത്താവിനെ പരീക്ഷിച്ചപ്പോൾ ക്രിസ്തു സാത്താനെ എതിർക്കുകയും ഉടനെ അവനെ ശാസിക്കുകയും ചെയ്തു (മത്തായി 16:23). നമ്മുടെ ചെറുത്തുനിൽപ്പിന്റെ വാക്ക് ഉറച്ചതായിരിക്കണം.

**4.സാത്താന് ഇടം കൊടുക്കാതിരിക്കുക**

വലിയ കാര്യങ്ങളിൽ സാത്താന്റെ തന്ത്രങ്ങൾക്കെതിരെ ജാഗ്രത പുലർത്താൻ പലപ്പോഴും നാം ശ്രദ്ധാലുക്കളാണ്. പക്ഷെ ചെറിയ കാര്യങ്ങളിൽ പലപ്പോഴും ശ്രദ്ധിക്കാറില്ല. തൽഫലമായി തെറ്റായ ഒരു ചിന്തയിലൂടെയോ ഒരു വാക്കിലൂടെയോ നാം പലപ്പോഴും പരാജയപ്പെടുകയും പിശാചിന്റെ വഞ്ചനയിൽ വീഴുകയും ചെയ്യുന്നു. ചെറിയ കാര്യങ്ങളിൽ വിശ്വസ്തത പുലർത്തുന്നവർ വലിയ കാര്യങ്ങളിൽ വിശ്വസ്തരാണ്. പിശാചിന് ഇടം കൊടുക്കാതിരിക്കാൻ നാം ശ്രദ്ധിക്കണം (എഫെസ്യർ 4:27). എതിരാളിക്ക് നിന്ദയ്ക്ക് അവസരം നൽകരുത്' (1 തിമോഥെയൊസ് 5:14). സാത്താന് നമ്മിൽ ഇടം ഇല്ലെങ്കിൽ അവന് പാപം ചെയ്യിക്കുവാൻ കഴിയില്ല. ഹൃദയത്തിൽ അവനു ഒരൽപം ഇടം നൽകിയാൽ, അവൻ അതിലൂടെ നമ്മെ അവന്റെ ഉപകരണമാക്കി ഉപയോഗിക്കും. ചെറിയ കാര്യങ്ങളെ ചെറുതാണെന്ന് കരുതി അവഗണിക്കരുത്. ഈ ചെറിയ കാര്യങ്ങളിലൂടെ നമ്മുടെ ജീവകാലം മുഴുവൻ ആക്രമിക്കാൻ സാത്താന് കഴിയുമെന്ന് നാം തിരിച്ചറിയണം. പിശാചിന് ഏതെല്ലാം നിലയിലാണ് നമ്മിൽ ഇടം ഉണ്ടാകുന്നത്...? (1) അനീതി, (2) പാപം, (3) സാത്താനെക്കുറിച്ചുള്ള ഭയം ഹൃദയത്തിൽ ഉണ്ടായിരിക്കുക മുതലായവയാണ് അവനിടം പിടിക്കാനുള്ള പൊഴുതുകൾ. അങ്ങനെയായാൽ അവനെ ചെറുക്കാനുള്ള സജീവമായ ഇച്ഛാശക്തി നമുക്കില്ലാതെ

വരും. ഇങ്ങനെയുള്ള മുറുകെ പറ്റുന്ന പാപങ്ങൾ ഏറ്റുപറഞ്ഞു ഉപേക്ഷിക്കുന്നില്ലെങ്കിൽ ശത്രുവിനെ ഒരിക്കലും ആട്ടിയോടിക്കുവാൻ കഴിയില്ല.

ഒരു സഞ്ചാരി മരുഭൂമിയിൽ തന്റെ കൂടാരം സ്ഥാപിച്ചു. കൂടാരത്തിനു പുറത്ത് തണുത്തുവിറച്ച ഒരു കോവർകഴുത ആ മനുഷ്യനോട് അതിന്റെ തല കൂടാരത്തിനുള്ളിൽ വയ്ക്കാനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. അൽപസമയത്തിനുശേഷം, കോവർകഴുത കഴുത്ത് കൂടാരത്തിനുള്ളിൽ വയ്ക്കാനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. കുറച്ചു കഴിഞ്ഞപ്പോൾ അതിന്റെ രണ്ടു കാലുകൾ കൂടി അകത്തേക്ക് വരാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. താമസിയാതെ, അതിന്റെ ശരീരം മുഴുവൻ കൂടാരത്തിനുള്ളിലായി, യാത്രക്കാരനു നിൽക്കാൻ പോലും ഇടമില്ല. ഇപ്പോൾ കോവർകഴുത പുറത്തുപോകില്ല, ഒടുവിൽ കോവർകഴുത യാത്രക്കാരനെ പുറത്താക്കി. ഇന്നത്തെ ക്രിസ്ത്യാനികൾ ചെറിയ കാര്യങ്ങളിൽ അശ്രദ്ധരാണ്. തത്ഫലമായി, ചെറിയ പുളിമാവ് മുഴുവൻ പിണ്ഡത്തെയും പുളിപ്പിക്കുന്നു. പിശാച് കാല് വെക്കാൻ ഒരിഞ്ച് സ്ഥലത്തിന് വേണ്ടി ശ്രമിക്കും. എന്നാൽ സാത്താനെ ഓടിച്ചു കളയുവാനുള്ള കർത്താവിന്റെ ശക്തിയിൽ നാം വിശ്വസിക്കണം.

**5. നാം ക്ഷമിക്കാതിരുന്നാൽ**

നിങ്ങൾ ക്ഷമിക്കുന്നവനോടു ഞാനും ക്ഷമിക്കുന്നു ക്ഷമിക്കപ്പെടാനായി എന്തെങ്കിലും ഉണ്ടായിരുന്നെങ്കിൽ നിങ്ങൾക്കുവേണ്ടി ക്രിസ്തുവിന്റെ സന്നിധിയിലാണ് ഞാൻ അത് ക്ഷമിച്ചിരിക്കുന്നത്. സാത്താൻ നമ്മെ വഞ്ചിക്കാൻ അവസരം നൽകരുത്. നാം അവന്റെ കുതന്ത്രങ്ങൾ അറിയാത്തവർ അല്ലല്ലോ? (2 കൊരിന്ത്യർ 2:10,11). മനുഷ്യരെ സ്നേഹിക്കാത്ത, മനുഷ്യരോട് ക്ഷമിക്കാത്ത ഹൃദയം പിശാചിന്റെ ഇരിപ്പിടമാകും. ക്ഷമിക്കാത്ത മനസ്സ് നമ്മിൽ പിശാചിനു പ്രവർത്തിക്കാനുള്ള വാതിൽ തുറക്കുന്നു. ആത്മീയ മണ്ഡലത്തിലെ കാര്യങ്ങളെക്കുറിച്ച് വിശ്വാസികൾ കൂടുതൽ ബോധവാന്മാരായിരുന്നുവെങ്കിൽ, അവർ സ്നേഹമില്ലാത്തവരും ക്ഷമിക്കാത്തവരും ആകുമായിരുന്നില്ല. എല്ലാ എതിർപ്പുകളും പീഡനങ്ങളും മനുഷ്യരിൽ നിന്നാണ് വരുന്നതെന്ന് തോന്നിയേക്കാം. എന്നാൽ വാസ്തവത്തിൽ, ഹൃദയഭേദകമായ ഓരോ വാക്കും, എല്ലാ തെറ്റിദ്ധാരണകളും, എല്ലാ അപമാനവും തിരശ്ശീലയ്ക്ക് പിന്നിലെ ദുരാത്മാക്കളാൽ പ്രചോദിപ്പിക്കപ്പെടുന്നു. നാം മനുഷ്യർക്കെതിരെയല്ല ദുരാത്മാക്കൾക്കെതിരെയാണ് പോരാടുന്നത്. അതിനാൽ, സാത്താനെ ശാസിക്കാനും അവന്റെ പ്രവൃത്തി നശിപ്പിക്കാനും നാം കർത്താവിനോട് അപേക്ഷിക്കണം. നാം മറ്റുള്ളവരെ സ്നേഹിക്കുകയും അവരോട് ക്ഷമിക്കുകയും ചെയ്താൽ, വിജയത്തിന്റെ വേഗത കൂടുതലായിരിക്കും.


**6. വാക്കുകളിൽ പ്രത്യേകം ശ്രദ്ധാലുവായിരിക്കുക**

'എന്നാൽ നിങ്ങളുടെ വാക്ക് അതെ, അതെ എന്നും, ഇല്ല, ഇല്ല എന്നുമായിരിക്കട്ടെ; ഇവയിലധികമായത് സാത്താന്റേതാണ് (മത്തായി 5:37). എന്നാൽ മനുഷ്യർ ഇങ്ങനെ സംസാരിക്കുവാൻ പിശാച് ആഗ്രഹിക്കുന്നില്ല. തീക്ഷ്ണതയുള്ള ഒരു വിശ്വാസി ഒരിക്കൽ പറയുന്നത് ഞാൻ കേട്ടു, എനിക്ക് എന്റെ മനസ്സിനെ നിയന്ത്രിക്കാൻ കഴിയില്ലെന്ന് തോന്നുന്നു. ഞാൻ തീരുമാനിച്ചാലും എനിക്ക് ഇതിൽ നിന്ന് സ്വയം മോചിതനാകാൻ കഴിയില്ല. ഒരു വ്യക്തി കർത്താവിൽ വിശ്വസിക്കുന്നതിനുമുമ്പ്, അവന്റെ മനസ്സ് പിശാചിന്റെ പ്രവർത്തനത്താൽ അന്ധതയിലാകുന്നു (2 കൊരിന്ത്യർ 4:4). എന്നാൽ അവൻ വിശ്വസിച്ചതിനുശേഷം, പരിശുദ്ധാത്മാവ് അവന്റെ ആത്മാവിൽ പ്രവേശിച്ച് അവനെ പ്രകാശിപ്പിക്കുന്നു. അങ്ങനെയുള്ളവർ പരിശുദ്ധാത്മാവിനു കീഴ്പ്പെടുകയും സ്വയം സമർപ്പിക്കുകയും ചെയ്യുന്നു. ഈ രീതിയിൽ, അവന്റെ മനസ്സ് നവീകരിക്കപ്പെടുകയും രൂപാന്തരപ്പെടുകയും ചെയ്യുന്നു (റോമർ 12:2). വിശ്വാസികൾക്ക് ശ്രേഷ്ഠമായ ഉപദേശമുണ്ടെങ്കിലും അവരുടെ മനസ്സിൽ എല്ലായ്പ്പോഴും അശുദ്ധമായ ചിന്തകളും സത്യത്തിനെതിരായ വിമത ഉദ്ദേശ്യങ്ങളും ഉണ്ട്. വിശ്വാസികളുടെ മനസ്സിലേക്ക് അശുദ്ധമായ ചിന്തകൾ കുത്തിവയ്ക്കുന്ന ദുരാത്മാക്കളാണ് ഇതിന് കാരണം. ചിലപ്പോൾ അവർ വിശ്വാസികളുടെ മനസ്സിനെ ആശയക്കുഴപ്പത്തിലാക്കാനും അവരുടെ ന്യായവാദങ്ങളെ പ്രവർത്തനരഹിതമാക്കാനും ശ്രമിക്കുന്നു. തൽഫലമായി, വിശ്വാസികൾ പറയാൻ ഉദ്ദേശിക്കുന്നത് പറയുന്നില്ല; ആരെങ്കിലും വാക്കിൽ ഇടറുന്നില്ലെങ്കിൽ, അവൻ തികഞ്ഞ മനുഷ്യനാണെന്ന് നമുക്കറിയാം. ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ടു

ശേഷം പേജ് 19 ▶



ഡോ. സജികുമാർ കെ. പി.



# സോദോമ്യപാപം: അറിയേണ്ടതും ചിന്തിക്കേണ്ടതും

നവതലമുറ അറിയുവാൻ ആഗ്രഹിക്കുന്ന ഒരു മേഖലയാണ് സ്വവർഗ്ഗ ലൈംഗികതയെ സംബന്ധിച്ച് സഭയുടെ നിലപാട്. സ്വവർഗ ലൈംഗികത ലൈംഗികതയോടുള്ള ഒരു സ്വഭാവിക ശൈലിയാണ് എന്ന വിധത്തിൽ അംഗീകരിക്കുന്നവർ ഇന്നുണ്ട്. പാരമ്പര്യ ചിന്താഗതികൾ വെച്ചുപുലർത്തിയിരുന്ന പല സമൂഹങ്ങളും രാജ്യങ്ങളും ഇന്ന് സ്വവർഗ ലൈംഗികതയെ അംഗീകരിച്ചു കഴിഞ്ഞു. സ്വവർഗ ലൈംഗിക സ്വഭാവം ഒരു സാധാരണ സ്വഭാവം അല്ലെന്നും അതിന് ചികിത്സ നൽകി അത്തരക്കാരെ ശരിയായ ലൈംഗികതയിലേക്ക് കൊണ്ടുവരണമെന്ന് ചിന്തിച്ചിരുന്ന നിലപാട് സൈക്കോളജിയിൽ നിന്നും നീക്കിക്കളഞ്ഞത് 1973 ലാണ്. ഡയഗ്നോസ്റ്റിക് ആൻഡ് സ്റ്റാറ്റിസ്റ്റിക്കൽ മാനുവൽ ഓഫ് മെന്റൽ ഡിസോർഡേഴ്സ് എന്ന ഗ്രന്ഥമാണ് മന:ശാസ്ത്ര രോഗനിർണയത്തിന്റെ അളവുകോൽ. ഈ ഗ്രന്ഥത്തിൽ നിന്ന് സ്വവർഗ ലൈംഗികതയെ അസാധാരണവും ചികിത്സ ആവശ്യമായത് എന്ന വിധത്തിൽ നിന്നും നീക്കി കളയുകയും, സ്വവർഗ്ഗ ലൈംഗികതയെ സ്വഭാവിക ലൈംഗിക സ്വഭാവമായി അംഗീകരിക്കുകയും ചെയ്തു.

സ്വവർഗ ലൈംഗികതയെ പിന്താങ്ങുന്നവർ പറയുന്നത് മനുഷ്യൻ ജനിക്കുമ്പോൾ തന്നെ ലൈംഗിക അടിസ്ഥാനങ്ങൾ നിർണയിക്കപ്പെടുന്നു എന്നും നമുക്ക് അതിൽ മാറ്റം വരുത്തുവാൻ സാധ്യമല്ല എന്നും ആണ്. പക്ഷേ റോബർട്ട് സ്പിറ്റ്സർ എന്ന വ്യക്തി 200 സ്വവർഗാനുരാഗികളെ ചികിത്സിച്ച് അവരുടെ ലൈംഗിക അഭിനിവേശത്തിന് മാറ്റങ്ങൾ ഉണ്ടാക്കി. ലൈംഗികത എന്നത് ഒരു സ്വഭാവം ആണെന്നും സ്വഭാവ രൂപീകരണ പ്രക്രിയയിലൂടെ അതിനു മാറ്റങ്ങൾ ഉണ്ടാക്കുവാൻ സാധിക്കും എന്നും അപ്പോൾ ആളുകൾക്ക് മനസ്സിലായി.

ഇന്ത്യൻ സംസ്കാരവും മതവിശ്വാസവും സാമൂഹ്യ വ്യവസ്ഥിതിയും സ്വവർഗ ലൈംഗികതയെ അംഗീകരിക്കുന്നില്ല. എങ്കിലും നീതിന്യായ വ്യവസ്ഥയും നിയമനിർമ്മാണ വ്യവസ്ഥകളും സ്വവർഗ്ഗ ലൈംഗികതയെ കുറ്റകൃത്യമല്ലെന്നു പ്രഖ്യാപിച്ചു. എന്നാൽ പൊതുവേ ഇന്ത്യൻ സമൂഹം പ്രത്യേകിച്ച് മലയാള സമൂഹം സ്വവർഗ ലൈംഗികതയെ ഉൾക്കൊള്ളുന്നവരല്ല. ക്രിസ്തീയ മതം, യഹൂദമതം, ഇസ്ലാം മതം, സിക്കുമതം എന്നിവയൊന്നും ഔദ്യോഗികമായി സ്വവർഗ ലൈംഗികതയെ അംഗീകരിക്കുന്നില്ല. ക്രിസ്തീയ മതത്തിനകത്ത് ചില സഭകൾ സ്വവർഗ്ഗ ലൈംഗികതയെ അംഗീകരിക്കുന്നുണ്ട്. ആംഗ്ലിക്കൻ സഭ, യുണൈറ്റഡ് ചർച്ച് ഓഫ് ക്രൈസ്റ്റ്, പ്രെസ്സ്ബിറ്റേറിയൻ, മെട്രോപ്പോളിറ്റൻ കമ്മ്യൂണിറ്റി ചർച്ച് എന്നിവയാണ് അവയിൽ ചിലത്.

ചിലർ ചോദിക്കുന്നത് യേശുക്രിസ്തു നേരിട്ട് സ്വവർഗ ലൈംഗികതയെപ്പറ്റി വല്ലതും പറഞ്ഞിട്ടുണ്ടോ എന്നാണ്. സ്രഷ്ടാവ് ആരംഭത്തിൽ പുരുഷനും സ്ത്രീയുമായിട്ടാണ് മനുഷ്യസൃഷ്ടി

ചെയ്തത്. ഈ കാരണത്താൽ ഒരു പുരുഷൻ തന്റെ മാതാപിതാക്കളെ വിട്ടുപിരിഞ്ഞ് തന്റെ ഭാര്യയോടു സംയോജിക്കും. അവരിരുവരും ഒരു ശരീരമായിത്തീരും (മത്തായി 19:5)എന്നാണ് ക്രിസ്തു പറഞ്ഞത്. യേശു വ്യഭിചാരികളെയും അധ:സ്ഥിതരെയും സമൂഹം വെറുത്തവരെയും അംഗീകരിച്ച് കൂടെ നിർത്തി. അതുകൊണ്ട് സമൂഹം അംഗീകരിക്കാൻ മടിക്കുന്ന സ്വവർഗ അനുരാഗികളെ നാം അംഗീകരിച്ചു കൂടെ നിർത്തണം എന്നാണ് ചിലരുടെ വാദം. ഇത്തരക്കാരെ യേശു ചേർത്തുകൊണ്ടത് അവരുടെ ദുർനടപ്പിനെയും പാപത്തെയും അംഗീകരിക്കുന്നതിന്റെ ലക്ഷണമായിട്ട് ആയിരുന്നില്ല. അവരെ യേശു അംഗീകരിച്ചു. പക്ഷേ അവരുടെ പാപ സ്വഭാവത്തെ യേശു അംഗീകരിച്ചില്ല. അവരെ മാനസാന്തരത്തിലേക്കും അനുതാപത്തിലേക്കും നയിച്ച് പുതിയ സൃഷ്ടിയാക്കുക എന്നതായിരുന്നു യേശു അവരിൽ ചെയ്തത്. മേലാൽ പാപം ചെയ്യരുത് എന്ന യേശുവിന്റെ വാക്കിൽ ഇത് സ്പഷ്ടം. ഈ സമീപനം തന്നെയാണ് ഇന്ന് നമുക്കും ആവശ്യം. സ്വവർഗ ലൈംഗികതയെക്കുറിച്ചും സ്വവർഗാനുരാഗികളെ കുറിച്ചും നാം എടുക്കേണ്ട നിലപാട് വേദപുസ്തകത്തിലെ നിലപാട് തന്നെ ആയിരിക്കണം. ഇത് സംബന്ധിച്ച് വേദപുസ്തകം പഠിപ്പിക്കുന്ന വസ്തുതകൾ എന്താണെന്നു ചിന്തിക്കാം

**സ്വവർഗ ലൈംഗികത വേദപുസ്തക പഠിപ്പിക്കലിന് എതിരാണ്:**

ലേവ്യാപുസ്തകം 18:22 ൽ പറയുന്നു: സ്ത്രീയോട് എന്നപോലെ പുരുഷനോട് കൂടെ ശയിക്കരുത്, അത് മ്ലേച്ഛത. ലേവ്യാപുസ്തകം 20: 13 ൽ പറയുന്നു : സ്ത്രീയോടുകൂടെ ശയിക്കുന്നത് പോലെ ഒരുത്തൻ പുരുഷനോട് ശയിച്ചാൽ ഇരുവരും മ്ലേച്ഛത ചെയ്തു; അവർ മരണശിക്ഷ അനുഭവിക്കണം. അവരുടെ രക്തം അവരുടെ മേൽ ഇരിക്കും. യേശുക്രിസ്തുവിന്റെ മരണ പുനരുത്ഥാനത്തിനുശേഷം അപ്പോസ്തലന്മാർ പഴയനിയമ ഗ്രന്ഥങ്ങളിൽ നിന്ന് മാത്രമാണ് പഠിപ്പിച്ചത്. ഇക്കാരണത്താൽ പഴയനിയമം അപ്രസക്തമാണെന്ന വാദം സ്വീകാര്യമല്ല. അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് അറിയുന്നില്ലയോ? നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ, ദുർനടപ്പുകാർ, വിഗ്രഹാരാധകൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, **പുരുഷകാമികൾ**... എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല.( 1 കൊരിന്ത്യർ 6 :9) അടുത്ത വാക്യം പറയുന്നത് നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു: എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും നീതികരണവും പ്രാപിച്ചിരിക്കുന്നു. എന്നുവച്ചാൽ സ്വവർഗ ലൈംഗികതയിൽ ജീവിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല, എന്നു മാത്രമല്ല അങ്ങനെയുള്ളവർ മാനസാന്തരപ്പെട്ടു ദൈവസന്നിധിയിൽ ശുദ്ധീകരണവും നീതീകരണവും പ്രാപിക്കണം എന്നും ഈ വാക്യങ്ങൾ അനുശാസിക്കുന്നു.

**ദൈവികവ്യവസ്ഥയ്ക്ക് എതിരാണ്:**

മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നു സ്രഷ്ടാവായ ദൈവം കണ്ടപ്പോൾ അവന്റെ ഏകാന്തത മാറ്റാൻ ദൈവം ഒരു ജീവിതപങ്കാളിയെ സൃഷ്ടിച്ചു. അങ്ങനെ കുടുംബം സ്ഥാപിതമായി (ഉല്പത്തി 2:18 24). പുരുഷൻ ഏകനായിരിക്കുന്നത് നന്നല്ല എന്ന് കണ്ടിട്ട് ദൈവം സൃഷ്ടിച്ചത് മറ്റൊരു പുരുഷനെ അല്ലായിരുന്നു. പ്രത്യുത, സ്ത്രീയെ ആയിരുന്നു. പുരുഷനും പുരുഷനും ചേർന്നുള്ളതും, സ്ത്രീയും സ്ത്രീയും ചേർന്നുള്ളതുമായ കുടുംബസങ്കല്പം വേദപുസ്തക വ്യവസ്ഥക്ക് എതിരാണ്. സ്ത്രീയെയും പുരുഷനെയും സൃഷ്ടിച്ച് ദൈവം കുടുംബം സ്ഥാപിച്ചു. ദൈവിക പദ്ധതി അവർ ലൈംഗികബന്ധത്തിൽ ഏർപ്പെട്ടു സന്താനപുഷ്ടി ഉള്ളവരാവുക എന്നതായിരുന്നു. സ്വാഭാവിക ലൈംഗികതയും അതിലൂടെ സ്വാഭാവിക സന്താന സൗഭാഗ്യങ്ങളും ആയിരുന്നു ദൈവത്തിന്റെ സൃഷ്ടിയുടെ ലക്ഷ്യം (ഉല്പത്തി 1:27,28) എന്നാൽ പാപം ചെയ്ത മനുഷ്യൻ ഹൃദയങ്ങളിലെ പാപമോഹങ്ങളാൽ വീണുപോയി. സ്വന്തശരീരങ്ങളെ തമ്മിൽ അപമാനിക്കേണ്ടതിന് അശുദ്ധിയിൽ ഏൽപ്പിച്ചു. ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു. അവരുടെ സ്ത്രീകൾ സ്വാഭാവികഭോഗത്തെ സ്വാഭാവവിരുദ്ധം ആക്കി. അവ്വണ്ണം പുരുഷന്മാരും സ്വാഭാവിക സ്ത്രീഭോഗം വിട്ട് അന്യോന്യം കാമം ജ്വലിച്ച് ആണോട് ആൺ അവലക്ഷണം ആയത് പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിന് യോഗ്യമായ പ്രതിഫലം തങ്ങളിൽത്തന്നെ പ്രാപിച്ചു (റോമർ 1:2427)

**ദൈവിക ന്യായവിധിക്ക് വിധേയമാണ്:**

സോദോമ്യ പാപം എന്നത് സ്വവർഗ്ഗ പാപത്തിന്റെ പര്യായമായി ഉപയോഗിക്കാറുണ്ട്. ഉല്പ

ത്തി 19 ൽ വിശദീകരിക്കുന്നത് ദൈവദൂതന്മാർ മനുഷ്യരൂപത്തിൽ ലോത്തിന്റെ അടുക്കൽ വന്നതും, അവരെ ഭോഗിക്കേണ്ടതിനു പട്ടണവാസികൾ ഒരുമ്പെട്ടതും, ഒടുവിൽ ദൈവം ആ പട്ടണത്തെ തീയും ഗന്ധകവും വർഷിപ്പിച്ച് ഉന്മൂലനാശം വരുത്തുന്നതുമാണ്. ആ പട്ടണത്തിന്റെ പാപം സ്വവർഗ്ഗപാപം ആയിരുന്നു എന്ന് ഉല്പത്തി 19: 4 19 വരെ വായിക്കുന്നു. ഈ അധർമ്മ പ്രവർത്തിയാണ് ആ പട്ടണത്തിന്മേൽ ദൈവീക ന്യായവിധി വിളിച്ചുവരുത്തിയത് എന്ന് 2 പത്രോസ് 2:6 8 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. ഇതേ കാര്യം യൂദയുടെ ലേഖനം ഏഴാം വാക്യത്തിലും വിശദമാക്കുന്നു.

ഇസ്രയേലിൽ രാജാവ് ഇല്ലാതിരുന്നു എന്നും, അവർ ഓരോരുത്തൻ താന്താങ്ങൾക്ക് ബോധിച്ചതുപോലെ നടന്നു എന്നും പറയപ്പെടുന്ന കാലഘട്ടത്തിൽ ദുർനടപ്പിന്റെ ഏറ്റവും നീചമായ പെരുമാറ്റം എന്ന നിലയിൽ സ്വവർഗ ഭോഗത്തെ ചിത്രീകരിക്കുന്നുണ്ട്. ലേവ്യനായ ഒരു അതിഥിയെ ഭോഗിക്കേണ്ടതിന് വിട്ടുതരുവാൻ ബെന്യാമീൻ നഗരമായ ഗിബയയിലെ പുരുഷന്മാർ ആവശ്യപ്പെടുന്നത് ന്യായാധിപന്മാർ 19 :21 24 വാക്യങ്ങളിൽ കാണുന്നു. ഈ സംഭവത്തെ ഇസ്രയേൽ മക്കൾ മിസ്രയീംദേശത്തു നിന്ന് പുറപ്പെട്ടു വന്ന നാൾ മുതൽ ഇന്നുവരെയും ഇങ്ങനെയുള്ള പ്രവർത്തി നടന്നിട്ടില്ല, കണ്ടിട്ടുമില്ല എന്നാണ് അവരുടെമേൽ കഠിനമായ ശിക്ഷ നടപ്പാക്കുന്നതിന് മുൻപ് വിലയിരുത്തപ്പെട്ടത് (ന്യായാധിപന്മാർ 19:30).

**മാനസാന്തരപ്പെട്ടു പാപവഴികളിൽ നിന്ന് വിട്ടു മാറണം:**

ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു, പഴയത് കഴിഞ്ഞു പോയി, ഇതാ അത് പുതുതായി തീർന്നിരിക്കുന്നു. (2 കൊരിന്ത്യർ 5:17)എന്നാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. എത്ര വലിയ പാപി ആണെങ്കിലും മടങ്ങിവരുവാൻ തീരുമാനമെടുക്കുന്ന പക്ഷം ആ വ്യക്തിയെ യഥാസ്ഥാനപ്പെടുത്തുവാൻ ദൈവം തയ്യാറാണ്. ഒരു വ്യക്തിയുടെ പാപം രക്താംബരം പോലെ കടും ചുവപ്പ് ആയാലും ഹിമം പോലെ വെളുപ്പിക്കുവാൻ ദൈവത്തിന് കഴിയും (യെശയ്യാവ് 1:18) പാപത്തെ വെറുക്കുകയും അതേസമയം പാപിയെ സ്നേഹിക്കുകയും ചെയ്യുന്ന ദൈവത്തെയാണ് ബൈബിൾ പരിചയപ്പെടുത്തുന്നത്.1 കൊരിന്ത്യർ 6:9,10 വാക്യങ്ങളിൽ പുരുഷകാമികൾ ഉൾപ്പെടെയുള്ള ഒരുകൂട്ടം പാപികളുടെ പട്ടിക നൽകിയിട്ട് അത്തരക്കാർ ആരും സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല എന്നു പൗലോസ് പറയുന്നു. എന്നാൽ തൊട്ടുതാഴെ പത്താം വാക്യത്തിൽ നിങ്ങളിൽ ചിലർ ഈ വകക്കാർ ആയിരുന്നു എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും നീതികരണവും പ്രാപിച്ചിരിക്കുന്നു എന്ന് എഴുതിയിരിക്കുന്നു. അതിന്റെ അർത്ഥം കൊരിന്ത്യസഭയിൽ സ്വവർഗാനുരാഗികൾ അത്തരം പാപ സ്വഭാവത്തെ വിട്ടു ശുദ്ധീകരണം പ്രാപിച്ച് ദൈവസന്നിധിയിൽ പുതിയ സൃഷ്ടിയായി എന്നതാണ്.

**പാപ സ്വഭാവത്തിലേക്ക് വീണു പോകാതിരിക്കാൻ വളരെ ക്രമീകൃതമായ കരുതലും ശ്രദ്ധയും പുലർത്തേണ്ടത് അത്യാവശ്യമാണ്. അതായത് നമ്മുടെ കുട്ടികൾ കൂട്ടുകൂടുന്നത് ഏത് തരക്കാരോടാണ് എന്ന് നാം കൃത്യമായി അറിഞ്ഞിരിക്കണം.**

സ്വവർഗാനുരാഗ സ്വഭാവം രൂപപ്പെടുന്നത് ചെറുപ്രായത്തിലാണ്. ചിലർ സാന്ദർഭികമായി സ്വവർഗാനുരാഗികളുമായി സമ്പർക്കത്തിൽ ഏർപ്പെടുമ്പോൾ അവർക്ക് ലഭിക്കുന്ന ലൈംഗിക അറിവ് തന്നെ അത്തരത്തിലായിരിക്കും. കൗമാരപ്രായത്തിൽ ലൈംഗികതയുടെ ജിജ്ഞാസ വളരെയധികം കാണപ്പെടുന്ന സമയം ആയതിനാൽ ഇത്തരം സ്വഭാവം ജീവിതത്തിൽ കടന്നു വരുവാൻ വളരെ സാധ്യത ഉണ്ട്. അതു കൊണ്ട് ചെറുപ്പക്കാരും കുട്ടികളും ഈ പാപ സ്വഭാവത്തിലേക്ക് വീണു പോകാതിരിക്കാൻ വളരെ ക്രമീകൃതമായ കരുതലും ശ്രദ്ധയും പുലർത്തേണ്ടത് അത്യാവശ്യമാണ്. അതായത് നമ്മുടെ കുട്ടികൾ കൂട്ടുകൂടുന്നത് ഏത് തരക്കാരോടാണ് എന്ന് നാം കൃത്യമായി അറിഞ്ഞിരിക്കണം. കുട്ടികൾ അവരവരുടെ ലിംഗത്തിൽ പെട്ടവരോട് ഇടപഴകുമ്പോൾ സ്വവർഗ്ഗ ആകർഷണത്തിന്റെ ശൈലി പ്രകടമാക്കുന്നു എങ്കിൽ അവരോട് ശാന്തമായി അത്തരം കാര്യങ്ങളുടെ വരും വരാഴികപറഞ്ഞ് മനസ്സിലാക്കി കൊടുക്കുവാൻ മാതാപിതാക്കൾക്ക് കഴിയണം. മാതാപിതാക്കളോട് എന്തും തുറന്നുപറയുന്ന ഒരു ശീലവും സമീപനവും രൂപപ്പെടുത്തി എടുക്കണം. മാതാപിതാക്കൾക്ക് ഈ വിഷയത്തിൽ കുട്ടികളെ സഹായി

ക്കാൻ കഴിയുന്നില്ല എന്ന് തോന്നുന്നു എങ്കിൽ ഒരു ട്രെയിനിങ് എടുത്ത വ്യക്തിയുടെ കൗൺസലിംഗ് സഹായം തേടാവുന്നതാണ്.

സഭകളിൽ വളരെ കൃത്യമായ പഠിപ്പിക്കലുകൾ ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ലഭ്യമാക്കണം. ചെറുപ്പക്കാരുടെ സമ്മേളനവേദികൾ ആരോഗ്യകരമായ പഠനത്തിനും ചർച്ചകൾക്കും കൂടെ ഉപയോഗിക്കണം. ദൈവവചനം പ്രസംഗിക്കുകയും ആത്മാവിൽ ആരാധിക്കുകയും ചെയ്യുന്ന ശീലം യുവജന ക്യാമ്പുകളിൽ തുടരണം. എന്നാൽ അതോടൊപ്പം നല്ല കൗൺസലിംഗ് ക്ലാസുകളും വേണം. യുവജനങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന സുപ്രധാന ചോദ്യങ്ങൾ ചോദിക്കുവാനും, അതിന് ഉത്തരം കണ്ടെത്താനും ഉതകുന്ന വേദികളായി നമ്മുടെ യുവജന സമ്മേളനങ്ങൾ രൂപപ്പെടണം. അങ്ങനെ സ്വവർഗാനുരാഗം തുടങ്ങിയ വിഷയങ്ങളിൽ ദൈവവചനാടിസ്ഥാനത്തിൽ ഉത്തരങ്ങളും അറിവുകളും അവർക്ക് ലഭിക്കും.

സഭയിൽ സ്വവർഗാനുരാഗ സ്വഭാവത്തിന് അടിമപ്പെട്ട ആരെങ്കിലും വരികയോ അല്ലെങ്കിൽ സ്വവർഗാനുരാഗ സ്വഭാവം നമ്മുടെ സഭാംഗങ്ങളിൽ ആർക്കെങ്കിലും കാണപ്പെടുകയോ ചെയ്താൽ വളരെ തന്മയത്വത്തോടെയും ദൈവകൃപയിൽ ആശ്രയിച്ചും ആ വ്യക്തിയെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ നമുക്ക് കഴിയണം. അവരെ വിധിച്ചു തള്ളിക്കളയുക എന്ന സമീപനത്തേക്കാൾ, അവരെ ഏറെ സഹതാപത്തോടും ആത്മാർത്ഥതയോടും മാനസാന്തരത്തിലേക്ക് നയിക്കുക എന്ന നിലപാടായിരിക്കും അഭികാമ്യം. ശിക്ഷണവും ശാസനയും ദൈവകൃപയുടെ അടിസ്ഥാനത്തിലായിരിക്കണം. പരസ്യമായി അത്തരക്കാരെ വിധിക്കുകയും അവഹേളിക്കുകയും ചെയ്യുന്നത് അഭികാമ്യമല്ല. അതിനുപകരം വ്യക്തിപരമായി ഉപദേശിക്കുകയും കൗൺസലിംഗിന് വിധേയപ്പെടുത്തുകയും ആണ് വേണ്ടത്. അങ്ങനെ അവരെ പാപസ്വഭാവത്തിൽ നിന്ന് രക്ഷിക്കുകയും പൊതുസമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് കയറ്റുകയും ചെയ്യണം. •



നടത്തുവാൻ ശക്തനായിസൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു ( യാക്കോബ് 3:2)

**6. മറ്റുള്ളവരെ തിരുത്തുമ്പോൾ ജാഗ്രത പുലർത്തുക**

സഹോദരങ്ങളേ, ആരെങ്കിലും പാപത്തിൽ പിടിക്കപ്പെടുകയാണെങ്കിൽ, ആത്മികരായ നിങ്ങളാണ് ആ വ്യക്തിയെ സൗമ്യമായി പുനരു ദ്ധരിക്കേണ്ടത്. നിങ്ങളും പാപത്തിന്റെ പ്രലോഭനത്തിൽ അകപ്പെട്ടുപോകാതിരിക്കാൻ സൂക്ഷിക്കുക. മറ്റുള്ളവരെ നേർവഴിയിലേക്ക് നയിക്കുവാനുള്ള ഉപദേശങ്ങൾ കൊടുക്കുവാൻ എളുപ്പമാണ്. ഉപദേശാനുസരണം മാതൃകാജീവിതം നയിച്ചുകൊണ്ടു മാത്രമേ വഴി തെറ്റിപ്പോയവരെ നേർവഴിയിലേക്ക് മടക്കി വരുത്തുവാൻ കഴിയുകയുള്ളൂ. പല വിശ്വാസികളും മറ്റുള്ളവരെ നേർവഴിയിലേക്ക് നയിക്കാൻ ആഗ്രഹിക്കുന്നു, അവർ മറ്റുള്ളവരെ നയിക്കുന്നുണ്ടെങ്കിലും, അവർ തന്നെ തെറ്റിപ്പോകുന്നു. അതിനാൽ സാത്താന്റെ ചതിക്കുഴികൾ എവിടെല്ലാമുണ്ടെന്നു വിശ്വാസികൾ എല്ലായിടത്തും ശ്രദ്ധാപൂർവം നോക്കണം. കാരണം നാമാരും പാപത്തിന്റെ പ്രലോഭനങ്ങ ളിൽ നിന്ന് പൂർണ്ണമായി മുക്തമായ ഒരവസ്ഥ യിലല്ല.

**7. ശത്രു നമ്മുടെ കീഴിലാണെന്ന് എപ്പോഴും പ്രഖ്യാപിക്കുക.**

ശത്രുവിന്റെ എല്ലാ ശക്തിയെയും ചവിട്ടിമെതിക്കാൻ ഞാൻ നിനക്ക് അധികാരം തന്നിരിക്കുന്നു, ഒന്നും നിന്നെ ഒരു തരത്തിലും ഉപദ്രവിക്കില്ല (ലൂക്കോസ്10:19). ശത്രുവിന് ഉള്ളത് അധികാരം ആണ്, എന്നാൽ നമുക്കുള്ളത് ശത്രുവിന്റെ എല്ലാ ശക്തിയുടെയും മേലുള്ള അധികാരമാണ്. നമ്മുടെ വ്യക്തിഗത ശക്തി അത്ര വലുതല്ലെങ്കിലും, ശത്രുവിനെ അടിച്ചമർത്താനുള്ള അധികാരം നമുക്ക് കർത്താവിൽ നിന്ന് ലഭിച്ചിട്ടുണ്ട്. നാം അധികാരത്തോടെ ശത്രുവിനോട് കൽപ്പിച്ചാൽ മതി.

ദൈവത്തിന്റെ അധികാരത്തിനെതിരെ ശത്രുവിന്റെ അധികാരത്തിന് ജയിക്കാനാവില്ല! അതിനാൽ, നാം ആദ്യം ക്രിസ്തുവിൽ മറഞ്ഞിരിക്കുകയും ഈ അധികാരം സുരക്ഷിതമാക്കുകയും വേണം. അന്ധകാരത്തിന്റെ എല്ലാ ശക്തികളെയും തരണം ചെയ്യാനും കീഴടക്കാനും ഈ അധികാരം നിമിഷം തോറും ഉപയോഗിക്കുന്നതിന് നാം നമ്മുടെ വിശ്വാസം പ്രയോഗിക്കണം. •



പി വി വർഗീസ്

# യേശുക്രിസ്തുവിന്റെ നിസ്തുലത

തുല്യം ചൊല്ലുവാൻ ആരുമില്ലാത്ത ഒരേയൊരു വ്യക്തിത്വമാണ് യേശുക്രിസ്തു. ജനനത്തിനു മുമ്പ് തന്നെ ചരിത്രം എഴുതപ്പെട്ട വനെന്ന മഹത്തായ ഒരു വിശേഷണം യേശു ക്രിസ്തുവിനു മാത്രമുള്ള താണ്. ഒരേസമയം പൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനുമായിരുന്ന ഒരേയൊരു വ്യക്തി ക്രിസ്തു മാത്രമാണ്.

**ജനനത്തിലെ നിസ്തുലത:**

സാധാരണ ഒരു മനുഷ്യൻ ജനിക്കുന്നത് സ്ത്രീപുരുഷ സംയോഗത്തിലൂടെയാണല്ലോ. എന്നാൽ ദൈവമായിരുന്ന വചനം മനുഷ്യജന്മം എടുത്തു ജഡത്തിൽ വെളിപ്പെട്ട ഏകവ്യക്തിത്വമാണ് യേശുക്രിസ്തു. അതായത് പുരുഷന്റെ ഇഷ്ടത്താലോ സ്ത്രീയുടെ ഇഷ്ടത്താലോ അല്ലായിരുന്നു ക്രിസ്തുവിന്റെ ജനനം. മനുഷ്യർക്കാർക്കും അവരുടെ ജന്മദേശമോ കുടുംബമോ മാതാപിതാക്കളെയോ തിരഞ്ഞെടുക്കുവാൻ സാധ്യമേയല്ല. അങ്ങനെ ഒരവസരം ദൈവം മനുഷ്യർക്ക് നല്കിയിരുന്നെങ്കിൽ സമൃദ്ധിയുടെ പാരമ്യത്തിലുള്ള ഒരു സമ്പന്ന കുടുംബം ആകും മനുഷ്യർ തിരഞ്ഞെടുക്കുക. എന്നാൽ തിരഞ്ഞെടുപ്പിന് അധികാരമുണ്ടായിരുന്ന ദൈവം മനുഷ്യജന്മമെടുത്തപ്പോൾ ഒരു ദരിദ്രകുടംബത്തിൽ ജനിക്കുവാനാണ് തിരുവുള്ളമുണ്ടായത്. അഖിലാണ്ഡത്തിന്റെ ഉടയവനും സ്രഷ്ടാവുമായ പ്രപഞ്ചനാഥന് പിറന്നുവീഴുവാൻ ഒരിടവുമുണ്ടായിരുന്നില്ല. ബെത്‌ലഹേമിലെ ഒരു പുൽക്കൂട്ടിലാണ് താൻ ജനിച്ചതെന്ന ചിന്ത വസ്തുതാവിരുദ്ധമാണ്. വഴിയമ്പലത്തിൽപ്പോലും സ്ഥലമില്ലാതെ വന്നതിനാൽ പശുത്തൊട്ടിയിൽ കിടത്തി എന്നാണ് വചനത്തിൽ കാണുന്നത് (ലൂക്കോസ് 2:7). ഇരുളിന്റെ മറവിൽ എവിടെയോ പിറന്നു വീണ ചോരക്കുഞ്ഞിനെ കിടത്തുവാൻ സ്ഥലം അന്വേഷിച്ചപ്പോൾ അവർക്കു ലഭ്യമായത് പശുത്തൊട്ടി മാത്രമായിരുന്നു. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കുമെന്നു ക്രിസ്തുവിനു ഏകദേശം 700 വർഷങ്ങൾക്ക് മുമ്പ് പ്രവാചകനായ യെശയ്യാവ് മുൻകൂട്ടി പ്രവചിച്ചിരുന്നു. ബേത്‌ലഹേമിൽ ജനിക്കുമെന്നു പ്രവാചകനായ മീഖായും പ്രവചിച്ചിരുന്നു.

**ജീവിതത്തിലെ നിസ്തുലത:**

സർവജ്ഞാനിയായ ദൈവം, യേശു എന്ന നാമത്തിൽ അല്പജ്ഞാനികളായ മനുഷ്യരുടെ കൂടെ അവരോടൊത്തു ജീവിച്ചു. വളർത്തുപിതാവായ ജോസഫിനെ തന്റെ ഉപജീവനകാര്യങ്ങളിൽ വിശ്വസ്തതയോടെ സഹായിച്ചു, അവർക്കു കീഴടങ്ങിയിരുന്നു. പള്ളിയിൽപ്പോ കുന്നതും ന്യായപ്രമാണം വായിക്കുന്നതും തന്റെ പതിവായിരുന്നു. യേശു തന്റെ മാനുഷിക ബന്ധങ്ങളിലെല്ലാം ദൈവിക പ്രമാണങ്ങൾ പൂർണ്ണമായി നിവർത്തിച്ചു. ഒരിക്കലും തന്റെ കുടുംബാംഗങ്ങളോട് മത്സരിക്കുകയോ അവരെ വ്യസനിപ്പിക്കുകയോ ചെയ്തില്ല. തന്റെ മുഴുജീവിതവും ഏവർക്കും എക്കാലത്തും തികഞ്ഞ മാതൃക തന്നെയാണ്.

**സ്വഭാവത്തിലെ നിസ്തുലത:**

ക്രിസ്തു സൗമ്യതയുടെയും താഴ്മയുടെയും നിസ്വാർത്ഥസ്നേഹത്തിന്റെയും മനസ്സലിവി

ന്റെയും ത്യാഗത്തിന്റെയും എന്നിങ്ങനെ സകല സല്ഗുണങ്ങളുടെയും കുറ്റമറ്റ ആൾരൂപമായിരുന്നു. യേശുവിന്റെ സ്നേഹം അളവുകൾക്കതീതവും വ്യവസ്ഥകളില്ലാത്തതും മുഖം നോക്കാത്തതും ക്ഷമാപൂർണ്ണവും നിത്യവുമാണ്. തത്തുല്യമായ സ്നേഹം വെളിപ്പെടുത്തിയ മറ്റൊരാളെയും മാനവ ചരിത്രത്തിൽ കണ്ടെത്തുക അസാധ്യമാണ്. തന്റെ മനോഭാവം സമാധാനപൂരിതവും മനുഷ്യന് വേണ്ടി ക്രൂശുമരണത്തോളം സ്വയം താഴ്ത്തുന്നതും ആയിരുന്നു.

**ശുശ്രൂഷയിലെ നിസ്തുലത:** ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ എന്ന് 1 തീമോഥെയൊസ് 1: 15 ൽ കാണുന്നു. അത്ഭുതകരമായ ശുശ്രൂഷകൾ ദൈവത്താൽ തെരെഞ്ഞെടുക്കപ്പെട്ടവരിലൂടെ നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ സഹോദരനെ വീണ്ടെടുക്കുവാനോ വീണ്ടെടുപ്പ് വില കൊടുക്കുവാനോ ആർക്കും സാധിക്കില്ല. മനുഷ്യനെ പാതാളത്തിന്റെയും മരണത്തിന്റെയും അധികാരത്തിൽ നിന്ന് വീണ്ടെടുക്കുവാൻ ദൈവത്തിനു മാത്രമേ കഴിയൂ. അതാണ് ക്രിസ്തുവിലൂടെ സാധ്യമായതും .രോഗികളെ സൗഖ്യമാക്കുവാൻ മാത്രമാണ് യേശു വന്നിരുന്നതെങ്കിൽ രോഗികളല്ലാത്തവർക്കു യേശുവിനെ അവശ്യമാകുമായിരുന്നില്ലല്ലോ? കടഭാരം തീർക്കുവാനായിരുന്നു എങ്കിൽ കടമില്ലാത്തവർക്കു യേശുവിനെ ആവശ്യമില്ലല്ലോ. എന്നാൽ എല്ലാവരും പാപികളായതു കൊണ്ട് യേശു എല്ലാവർക്കും അനിവാര്യനാണ്. അതുകൊണ്ടാണ് ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം എന്ന് പറഞ്ഞിരിക്കുന്നത്.

**കഷ്ടാനുഭവങ്ങളിലെ നിസ്തുലത:**

തെറ്റു ചെയ്തിട്ടു ശിക്ഷ അനുഭവിച്ചതിനു ശേഷം ഞാൻ അതു ക്ഷമയോടുകൂടി സഹിച്ചു എന്നു പറയുന്നതിൽ എന്തർത്ഥമാണുള്ളത്? നന്മ ചെയ്തിട്ടു ശിക്ഷ അനുഭവിക്കേണ്ടി വരികയും അതു ക്ഷമയോടും സന്തോഷത്തോടും സഹിക്കുകയും ചെയ്യുന്നത് ദൈവത്തിനു പ്രസാദകരമാണ്. ഇങ്ങനെ കഷ്ടത സഹിക്കുന്നതിനു വേണ്ടിയാണ് യേശു മനുഷ്യജന്മം എടുത്തത്. ക്രിസ്തു നമുക്ക് വേണ്ടി കഷ്ടം സഹിച്ചത് നമ്മുടെ ആത്മരക്ഷയ്ക്കും തന്റെ മാതൃക നാം പിൻതുടരേണ്ടതിനും വേണ്ടിയായിരുന്നു. പടയാളികൾ യേശുവിന്റെ പുറങ്കുപ്പായം വലിച്ചൂരിയശേഷം ഒരു ചുവന്ന പുറങ്കുപ്പായം ധരിപ്പിച്ചു. മുൾക്കിരീടം ശിരസ്സിൽ വെച്ചു. വലതുകൈയിൽ ഒരു വടി പിടിപ്പിച്ചു, അവർ പരിഹസിച്ചു. അവർ തന്റെ മേൽ തുപ്പുകയും തലയിൽ വടികൊണ്ട് അടിക്കുകയും ചെയ്തു. ഇങ്ങനെ, പരിഹസിച്ചശേഷം പുറങ്കുപ്പായം മാറ്റി, സ്വന്തം വസ്ത്രം ധരിപ്പിച്ചു ക്രൂശിക്കാൻ കൊണ്ടുപോയി. യേശു കണ്ണ് തുറന്നു ക്രൂശിച്ചവരെ ഒന്ന് നോക്കിയിരുന്നെങ്കിൽ അവർ മെഴുകു പോലെ ഉരുകുമായിരുന്നു. അതിനുള്ള അധികാരവും ശക്തിയും തനിക്കുണ്ടായിരുന്നു. എങ്കിലും രോമം കത്രിക്കുന്നവന്റെ മുമ്പാകെ മൗനമായിരിക്കുന്ന ആടിനെപ്പോലെ മൗനമായും വായിൽ പ്രതിവാദമില്ലാത്തവനെപ്പോലെയും മാത്രമാണ് പ്രതികരിച്ചത്. പാപത്തിന്റെ ശിക്ഷ നമുക്ക് പകരമായി ക്രിസ്തു ക്രൂശിൽ വഹിച്ചു. ഇത് വിശ്വസിക്കുന്ന വ്യക്തിക്കു പാപമോചനവും വീണ്ടെടുപ്പും രക്ഷയും ദൈവം നൽകുന്നു.

**പുനരുത്ഥാനത്തിലെ നിസ്തുലത:**

ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു, അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു എന്ന് തിരുവെഴുത്തു സാക്ഷ്യപ്പെടുത്തുന്നു. ക്രിസ്തു പലരെയും ഉയിർപ്പിച്ചിട്ടുണ്ട്. അത് പുനരുത്ഥാനമല്ല. അവരുടെ ആയുസ്സിനെ അല്പകാലം കൂടെ നീട്ടിക്കൊടുക്ക മാത്രമായിരുന്നു ചെയ്തത്. എങ്കിലും പിന്നീട് അവർ മരിച്ചു. *മരിച്ചവരിൽ നിന്നും ആദ്യഫലമായി ഉയിർത്തെഴുന്നേറ്റത്ക്രിസ്തു മാത്രമാണ്* (1 കൊരിന്ത്യർ15:20). ക്രൂശീകരണം പോലെ തന്നെ പ്രാധാന്യമുള്ളതാണ് പുനരുത്ഥാനവും. ജീവൻ അർപ്പിച്ചിട്ടു അത് തിരികെ പ്രാപി ക്കുവാൻ യേശുവിനു മാത്രമാണ് അധികാരമുള്ളത്.(യോഹന്നാൻ10:18).യേശുവിന്റെ പുനരുത്ഥാനത്തിലെ നിസ്തുലതയാണ് ഇത് സൂചിപ്പിക്കുന്നത്. ജനനംകൊണ്ടും ജീവിതം കൊണ്ടും ശുശ്രൂഷ കൊണ്ടും മരണപുനരുത്ഥാനം കൊണ്ടും മറ്റാർക്കും ഒന്നും അവകാശപ്പെടുവാൻ കഴിയാത്ത ഒരു നിസ്തുല ജീവിതമായിരുന്നു യേശുവിന്റേത്. യേശു മാത്രമാണ് പാപികളെ രക്ഷിക്കുവാൻ മനുഷ്യജന്മമെടുത്ത ഏകദൈവം. മറ്റൊരുത്തനിലും രക്ഷയില്ല എന്ന് തിരുവെഴുത്തു അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല. •



ജെസ്സി സാജു



# വിദ്യാഭ്യാസം വിഗ്രഹമായി മാറുന്നുവോ ...?

**ചി**ല നാളുകൾക്കു മുമ്പ് പ്രായമായ ഒരു വ്യക്തി എന്നോട് വളരെ കാര്യമായി അദ്ദേഹത്തിന്റെ വേദന ഷെയർ ചെയ്തു. ഒരു പുരോഹിതന്റെ മകനും ഡോക്ടറും കൂടിയായ അദ്ദേഹം പറയുകയായിരുന്നു: ഇന്നത്തെ ക്രിസ്തീയസഭകളിൽ, യുവാക്കളുടെ എണ്ണം വളരെ കുറഞ്ഞു. സൺഡേസ്കൂളിലും യൂത്ത് മീറ്റിങ്ങുകളിലും കുട്ടികളെ കാണാനേ ഇല്ല. അഥവാ വന്നെങ്കിൽ തന്നെ തീരെ കൊച്ചുകുട്ടികൾ മാത്രം.

ഇന്ന് നമ്മുടെ നാട്ടിൽ നിന്ന് കുട്ടികൾ വിദേശത്തേക്ക് ചേക്കേറുകയാണ്. അവർ പോകുന്നതോ പഠിക്കുന്നതോ ജോലി ചെയ്യുന്നതോ ഒന്നും തെറ്റല്ല. എങ്കിലും ചെറുപ്പകാലങ്ങളിൽ ഭവനങ്ങളിൽ നിന്നും വിശേഷാൽ അമ്മമാരിൽ നിന്ന് ലഭിച്ച ധാർമ്മികമൂല്യങ്ങളാണ് ജീവിതത്തിൽ അവസാനത്തോളം അവരെ നിലനിർത്തുന്നത്. വളരെ കോമ്പറ്റീവായ ഒരു സമൂഹത്തിലാണ് നാമിപ്പോൾ ജീവിക്കുന്നത്. സെക്കുലർ വിദ്യാഭ്യാസം വളരെ നല്ലതാണ്. അത് ആവശ്യമാണ്. നമ്മുടെ കുട്ടികളെ എത്രയും പഠിപ്പിക്കാൻ പറ്റുമോ അത്രയും പഠിപ്പിക്കുന്നതാണ് എപ്പോഴും നല്ലത്. എന്നാൽ വിദ്യാഭ്യാസം ഒരു വിഗ്രഹമായി മാറിയിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ദൈവിക കാര്യങ്ങളേക്കാളധികം പഠനത്തിന് പ്രാമുഖ്യം നൽകിയാൽ അത് വിഗ്രഹാരാധന തന്നെയാണ്.

പണ്ടുകാലങ്ങളിൽ ശനിയാഴ്ച വൈകുന്നേരങ്ങൾ വേദപഠനങ്ങൾക്ക് വേണ്ടി മാറ്റിവെക്കുമായിരുന്നു. അന്നേദിവസം സ്കൂളിലെ പാഠപുസ്തകങ്ങൾ തുറക്കാനോ വായിക്കാനോ പഠിക്കാനോ മാതാപിതാക്കൾ സമ്മതിച്ചിരുന്നില്ല. പകരം സൺഡേസ്കൂളിലെ മന:പ്പാഠ വാക്യങ്ങളും ബൈബിൾ കഥകളും ഒക്കെയായിരുന്നു അന്ന് പഠിച്ചിരുന്നത്. പണ്ടുകാലങ്ങളിൽ വേദപുസ്തക വാക്യങ്ങൾ മന:പ്പാഠമായി പറഞ്ഞുകേൾപ്പിച്ചില്ലെങ്കിൽ അന്നേദിവസം അത്താഴം പോലും കൊടുക്കുമായിരുന്നില്ല. ഡോക്ടർ പറഞ്ഞതും അത് തന്നെയാണ്. വേദപുസ്തകം വായിക്കാത്തതിനും പഠിക്കാത്തതിനും തന്റെ മാതാപിതാക്കൾ നല്ല ശിക്ഷണം കൊടുക്കുക മാത്രമല്ല, ഭക്ഷണം പോലുംകൊടു

ക്കാതിരുന്നിട്ടുണ്ട്. അത്രയ്ക്കും ഉത്സാഹത്തോടെ ആയിരുന്നു വേദപുസ്തക പാരായണവും പഠിത്തവും അന്ന് താൻചെയ്തിരുന്നത്. ഇന്ന് അദ്ദേഹം അറിയപ്പെടുന്ന ഒരു പ്രഭാഷകനും കൂടെയാണ്. എന്നാൽ താൻ പറഞ്ഞത് പല സഭകളിലും പ്രസംഗിക്കാൻ ചെല്ലുമ്പോൾ കുട്ടികൾ തുലോം ചുരുക്കം. യൗവനക്കാരെ കാണാൻ പോലുമില്ല എന്നാണ്.

അഥവാ അങ്ങനെ കുറച്ചു കുട്ടികൾ വന്നെങ്കിൽ അവർക്ക് ദൈവവചനത്തിൽ പ്രാവീണ്യം ഇല്ലേയില്ല. നമുക്ക് ഇതിൽ നിന്നും മനസ്സിലാക്കാൻ പറ്റുന്ന ഒരു കാര്യം, നമ്മുടെ ഭവനങ്ങളിൽ ദൈവവചന പഠനം വളരെ കുറഞ്ഞു എന്ന് തന്നെയല്ല, ഒട്ടുമിക്ക ഭവനങ്ങളിലും ദൈവവചന പഠനമേ ഇല്ല എന്ന ദു:ഖസത്യമാണ്.

ദാനിയേലും അദ്ദേഹത്തിന്റെ സുഹൃത്തുക്കളായ ഹനന്യാവും മീശായേലും അസരിയാവും അവരുടെ പ്രവാസജീവിതത്തിലെ പരിശീലന കാലഘട്ടത്തിൽ ഒരു പ്രതിസന്ധിയെ നേരിട്ടത് നമുക്ക് ദാനിയൽ പ്രവചനം ഒന്നാം അധ്യായത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയും. അവർ സേവിച്ചു നിൽക്കുന്ന ജീവനുള്ള യഹോവയെ തള്ളിപ്പറയുവാനും രാജാവ് സ്ഥാപിച്ച സ്വർണ ബിംബത്തെ നമസ്കരിക്കാനും ഒരു പരീക്ഷ ഉണ്ടായപ്പോൾ ആ പ്രലോഭനത്തെ അതിജീവിച്ചത് ദൈവവചനത്തിന്റെ വിത്ത് അവരിൽ ഉണ്ടായിരുന്നതുകൊണ്ടാണ്. ഇസ്രായേൽ ബാലന്മാരായ അവർ അവരുടെ വീട്ടിൽ നിരന്തരം ഷേമ (ദൈവവചനം) ചൊല്ലി പഠിച്ചിട്ടുണ്ട്.

യഹൂദന്മാരുടെ വിശ്വാസപ്രമാണം എന്നറിയപ്പെടുന്ന ഷേമ, രത്രി ഉറങ്ങുവാൻ പോകുമ്പോഴും രാവിലെ ഉണരുമ്പോഴും ഏറ്റുചൊല്ലുന്ന പതിവുരീതി എല്ലാ യാഥാസ്ഥിതിക യഹൂദ കുടുംബങ്ങളിലുമുണ്ടായിരുന്നു. ആവർത്തനം 6 : 4-9 വരെയുള്ള ഈ വേദഭാഗം ദിനംതോറും രണ്ടു പ്രാവശ്യം ഉരുവിടണമെന്നു അവരോടു മോശെ ആജ്ഞാപിച്ചിരുന്നു. ഇത് പതിവാക്കിയിരുന്നതുകൊണ്ട് ഒരു പ്രതിസന്ധി വന്നപ്പോൾ, മരിക്കേണ്ടി വന്നാലും ജീവനുള്ള ദൈവത്തെ തള്ളിപ്പറഞ്ഞിട്ട് സ്വർണ്ണ ബിംബത്തെ നമസ്കരിക്കുകയില്ല എന്ന് അവർ സുദൃഢമായ മനോബോധ്യം ഉള്ളവരായിരുന്നു. അതിന് അവർക്ക് നല്ല വില കൊടുക്കേണ്ടി വന്നു. വീട്ടിൽ അവരുടെ അമ്മമാർ ചെറുപ്പത്തിലവരെ പഠിപ്പിച്ച കൽപ്പനകളും ചട്ടങ്ങളും അവർക്കു ഏറ്റവു സഹായകം ആയിരുന്നതിനാലാണ് ജീവൻ പോകേണ്ടി വന്നാലും ദൈവത്തിനു വേണ്ടി നിൽക്കുമെന്ന് തീരുമാനിക്കാൻ കാരണം. ഇപ്രകാരം നമ്മുടെ കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ പൈതൽപ്രായത്തിൽ തന്നെ ദൈവവചനത്തിന്റെ വെളിച്ചം പകർന്നു കൊടുക്കണം. അല്ലായെങ്കിൽ സാത്താന്റെ ചതിക്കുഴികളിൽ അവർ വീഴുവാനുള്ള സാധ്യത ഇന്ന് വളരെയേറെയാണ്. 'ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്, ഒരു വിഗ്രഹവും ഉണ്ടാക്കരുത് എന്ന ആദ്യ കൽപ്പനകൾ ലംഘിക്കേണ്ടി വരുന്ന പ്രലോഭനത്തിൽ നിന്ന് അവരെ രക്ഷിച്ചത് ജീവനുള്ള വചനം അവരുടെ ഹൃദയത്തിൽ ക്രിയ ചെയ്തതുകൊണ്ടാണ്.

**നമ്മുടെ കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ പൈതൽ പ്രായത്തിൽ തന്നെ ദൈവവചനത്തിന്റെ വെളിച്ചം പകർന്നു കൊടുക്കണം. അല്ലായെങ്കിൽ സാത്താന്റെ ചതിക്കുഴികളിൽ അവർ വീഴുവാനുള്ള സാധ്യത ഇന്ന് വളരെയേറെയാണ്.**

ദൈവവചനം ഹൃദയത്തിൽ ഉണ്ടെങ്കിൽ മാത്രമേ അത് നമ്മിലും, പ്രതിസന്ധികളിൽ ക്രിയ ചെയ്യുകയുള്ളൂ. യഹൂദബാലന്മാർ എല്ലാ ദിവസവും ദൈവവചനം പഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുപോന്നിരുന്നു. ആവർത്തന പുസ്തകം ആറാം അധ്യായം ഒന്നുമുതൽ ഒൻപതു വരെയുള്ള വാക്യങ്ങൾ നാം പഠിച്ചാൽ നമുക്കിത് വ്യക്തമായി മനസ്സിലാക്കാം. 'ഇസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നേ. നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം. ഇന്നു ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചുകൊടുക്കയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കയും വേണം. അവയെ അടയാളമായി നിന്റെ കൈമേൽ കെട്ടേണം; അവ നിന്റെ കണ്ണുകൾക്കു മദ്ധ്യേ പട്ടമായി ഇരിക്കേണം. അവയെ നിന്റെ വീടിന്റെ കട്ടിളമേലും പടിവാതിലുകളിലും എഴുതേണം.

### വിദ്യാഭ്യാസം വിഗ്രഹമായി മാറുന്നുവോ...?

വിശദീകരണം ഒന്നുമില്ലാതെ തന്നെ നമുക്ക് ഇത് വളരെ വ്യക്തമായി മനസ്സിലാക്കാവുന്നതാണ്. 'ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നത് എങ്ങനെ?, വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ (സങ്കീർത്തനങ്ങൾ 119:9). 'ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക. അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല (സദൃശ്യവാക്യങ്ങൾ 22:6). മേലുദ്ധരിച്ച വാക്യങ്ങൾ എല്ലാം നാം ഒന്നും കണ്ണോടിച്ചാൽ അതിന്റെ രത്നച്ചുരുക്കം നാം നമ്മുടെ കുഞ്ഞുങ്ങൾക്ക് ഭവനത്തിൽ ദൈവവചനം നൽകണം എന്നതാണ്. നാം എപ്പോഴും അവരെ സ്കൂളിലെ വിഷയങ്ങൾ മാത്രം പഠിപ്പിച്ച്, ഹോംവർക്ക് ചെയ്യുവാൻ വളരെ പ്രേരിപ്പിക്കുകയും ചിലപ്പോഴൊക്കെ അടി കൊടുത്താണെങ്കിൽ പോലും അവരതെല്ലാം ചെയ്തു കഴിഞ്ഞു എന്ന് ഉറപ്പുവരുത്തുകയും ചെയ്യും. അതൊക്കെ അതിന്റെ വഴിക്ക് പൊക്കോട്ടെ. എന്നാൽ അതേ ഉത്സാഹത്തോടെ നമുക്ക് ദൈവവചനം അവരെ പഠിപ്പിക്കാൻ കഴിയുന്നുണ്ടോ? ദൈവവചനപഠനം നമ്മുടെ ഒരു ജീവിതശൈലിയായി മാറണം. ദൈവവചനം ആവശ്യപ്പെടുന്ന ഓരോ കാര്യങ്ങളും അനുസരിക്കാൻ നാം കടപ്പെട്ടവരാണ്. നമ്മുടെ തലമുറ ദൈവവചനം കൊണ്ട് നിറയപ്പെടേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ഭവനങ്ങളിലും സഭകളിലും ദൈവവചനത്തിന്റെ ശരിയായ പൊരുൾ നാം പറഞ്ഞു കൊടുത്തു വളർത്തണം. ഭവനങ്ങളിൽ ഇരിക്കുമ്പോഴും നിൽക്കുമ്പോഴും നടക്കുമ്പോഴും കിടക്കുമ്പോഴും അവരിൽ വചനം നിറയ്ക്കാൻ ശ്രമിക്കണം, ഒപ്പം സുവിശേഷീകരണവും. ഭാരതത്തിലും ലോകരാജ്യങ്ങളിലും വചനം വ്യാപിക്കണം. യേശുക്രിസ്തുവിന്റെ വരവ് ഏറ്റവും അടുത്തു. അതുകൊണ്ട് ഉത്സാഹത്തോടെ നമ്മുടെ തലമുറകൾക്കു യേശുവിനെ വെളിപ്പെടുത്തി കൊടുക്കുന്നതിൽ സഭയും മാതാപിതാക്കളും ഒരുപോലെ ജാഗ്രത പുലർത്തേണ്ടതാണ്. ഇല്ലെങ്കിൽ നമ്മുടെ കുഞ്ഞുങ്ങൾ ലോകത്തിന്റെ മോടികളിൽ മുഴുകി ദൈവത്തിൽ നിന്നകന്നു പോകുന്നതു വേദനയോടെ കാണേണ്ടിവന്നേക്കാം. •



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# ക്ഷമയുടെ ദൂരം...

**അ**പ്പോൾ പത്രൊസ് അവന്റെ അടുക്കൽ വന്ന്: കർത്താവേ, സഹോദരൻ എത്ര വട്ടം എന്നോട് പിഴച്ചാൽ ഞാൻ ക്ഷമിക്കേണം? ഏഴു വട്ടം മതിയോ എന്നു ചോദിച്ചു. യേശു അവ നോട്: ഏഴു വട്ടമല്ല, ഏഴ് എഴുപതു വട്ടം എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു. സ്വർഗരാജ്യം തന്റെ ദാസന്മാരുമായി കണക്കു തീർപ്പാൻ ഭാവിക്കുന്ന ഒരു രാജാവിനോടു സദൃശം.അവൻ കണക്കു നോക്കിത്തുടങ്ങി യപ്പോൾ പതിനായിരം താലന്ത്? കടമ്പെട്ട ഒരു ത്തനെ അവന്റെ അടുക്കൽ കൊണ്ടുവന്നു. അവനു വീട്ടുവാൻ വകയില്ലായ്കയാൽ അവന്റെ യജമാനൻ അവനെയും ഭാര്യയെയും മക്കളെയും അവനുള്ളതൊക്കെയും വിറ്റു കടം തീർപ്പാൻ കല്പിച്ചു.അതുകൊണ്ട് ആ ദാസൻ വീണ് അവനെ നമസ്കരിച്ചു: യജമാനനേ എന്നോടു ക്ഷമ തോന്നേണമേ; ഞാൻ സകലവും തന്നു തീർക്കാം എന്നു പറഞ്ഞു. അപ്പോൾ ആ ദാസെന്റ യജമാനൻ മനസ്സലിഞ്ഞ് അവനെ വിട്ടയച്ചു കടവും ഇളച്ചുകൊടുത്തു.ആ ദാസൻ പോകുമ്പോൾ തനിക്കു നൂറു വെള്ളിക്കാശു കടമ്പെട്ട ഒരു കൂട്ടുദാസനെ കണ്ടു തൊണ്ടയ്ക്കു പിടിച്ചു ഞെക്കി: നിന്റെ കടം തീർക്കുക എന്നു പറഞ്ഞു.അവന്റെ കൂട്ടുദാസൻ: എന്നോടു ക്ഷമ തോന്നേണമേ; ഞാൻ തന്നു തീർക്കാം എന്ന് അവനോട് അപേക്ഷിച്ചു. എന്നാൽ അവൻ മനസ്സില്ലാതെ ഉടനെ ചെന്നു കടംവീട്ടുവോളം അവനെ തടവിൽ ആക്കിച്ചു.ഈ സംഭവിച്ചത് അവന്റെ കൂട്ടുദാസന്മാർ കണ്ടിട്ടു വളരെ ദു?ഖിച്ചു, ചെന്നു സംഭവിച്ചത് ഒക്കെയും യജമാനനെ ബോധിപ്പിച്ചു.യജമാനൻ അവനെ വിളിച്ചു: ദുഷ്ടദാസനേ, നീ എന്നോട് അപേക്ഷിക്കയാൽ ഞാൻ ആ കടം ഒക്കെയും ഇളച്ചുതന്നു വല്ലോ. എനിക്കു നിന്നോടു കരുണ തോന്നിയതു പോലെ നിനക്കും കൂട്ടുദാസനോടു കരുണ തോന്നേണ്ട തല്ലയോ എന്നു പറഞ്ഞു.അങ്ങനെ യജമാനൻ കോപിച്ച്, അവൻ കടമൊക്കെയും തീർക്കുവോളം അവനെ ദണ്ഡിപ്പിക്കുന്നവരുടെ കൈയിൽ ഏല്പിച്ചു.നിങ്ങൾ ഓരോരുത്തൻ സഹോദര നോടു ഹൃദയപൂർവം ക്ഷമിക്കാഞ്ഞാൽ സ്വർഗസ്ഥനായ എന്റെ പിതാവ് അങ്ങനെതന്നെ നിങ്ങളോടും ചെയ്യും (മത്തായി 18:21–35)

സാമൂഹിക ജീവിതത്തിൽ അന്യോന്യം ഉള്ള പ്രതിബദ്ധതയിൽ ഉറച്ചതാണ് ബന്ധങ്ങൾ; എന്നാൽ ക്രിസ്തീയ സഹോദര്യ ബന്ധം ദൈവ സ്നേഹത്തിന്റെ വിശാലതയിൽ വേരുറയ്ക്കു ന്നതാണ്! ക്ഷമിക്കുന്ന മനോഭാവം ഇവിടെ ഏറ്റവും പ്രസക്തമാണ്. ക്ഷമയുടെ അനിവാര്യ തയും ക്ഷമയ്ക്കുണ്ടായിരിക്കേണ്ട വിശാലതയും തന്റെ ശിഷ്യന്മാരെ ബോധ്യപ്പെടുത്തുന്നതിന് വേണ്ടി കർത്താവ് പറഞ്ഞ ദൃഷ്ടാന്തമാണ് നമ്മുടെ വേദഭാഗത്ത് പ്രതിപാദിച്ചിരിക്കുന്നത്.

പത്രൊസ് യേശുവിനോട് ചോദിക്കുന്നത് നാമും ചോദിക്കുവാൻ ആഗ്രഹിക്കുന്നത് തന്നെ യാണ്. 'കർത്താവേ സഹോദരൻ എത്രവട്ടം എന്നോട് പിഴച്ചാൽ ഞാൻ ക്ഷമിക്കണം? ഏഴു വട്ടം മതിയോ? നമ്മുടെ ദൃഷ്ടിയിൽ വളരെ പ്രസക്തമായ ഒരു ചോദ്യമാണ് ഇത്. കർത്താവ്

നൽകുന്ന മറുപടി ഏറ്റവും പ്രസക്തവും ഗൗരവം ഏറിയതും ആണ്. യേശു അവനോട് ഏഴു വട്ടമല്ല, ഏഴു എഴുപതു വട്ടം എന്ന് ഞാൻ നിന്നോട് പറയുന്നു എന്നു പറഞ്ഞു .

മനുഷ്യന്റെ ചിന്തയും കർത്താവിന്റെ ചിന്തയുമായുള്ള അന്തരം ഇവിടെ വളരെ വ്യക്തമാണ്. മനുഷ്യൻ അവന്റെ പരിധിയിൽ നിന്ന് ചിന്തിക്കുന്നു. കർത്താവ് അവിടുത്തെ പരിധിയില്ലാതെ വിശാലതയിലും! ഒരു വ്യക്തിയോട് ഏഴുവട്ടം ക്ഷമിക്കുക എന്നത് ഒരുവന്റെ പരമാവധിയാണ് എന്ന് പറയാം. അതുകൊണ്ട് ക്ഷമയ്ക്കും ഒരു പരിധിയുണ്ടെന്ന് വാദിക്കുന്നവരാണ് മനുഷ്യർ .

ക്ഷമയ്ക്ക് പരിധി നിശ്ചയിക്കരുത് എന്നാണ് കർത്താവ് പറയുന്നത്. ക്ഷമിക്കുക, വീണ്ടും ക്ഷമിക്കുക...വീണ്ടും വീണ്ടും ക്ഷമിക്കുക. ക്ഷമയുടെ അഭ്യസനം നമ്മെ ക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുത്തുന്നതാണ്. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് മാത്രമേ ക്ഷമയ്ക്കുള്ള ശക്തി ആർജ്ജിക്കുവാൻ കഴിയുകയുള്ളൂ. ക്ഷമിക്കുന്നതിനുള്ള അഭ്യസനം കൂടാതെ ക്രിസ്തീയജീവിതം വിജയകരമാകുകയില്ല.

ക്ഷമിക്കുന്ന മനോഭാവം ദൈവം നമ്മിൽ നിന്ന് ആവശ്യപ്പെടുന്ന അതിപ്രധാനപ്പെട്ട ഒന്നാണ്. നമ്മുടെ മനോഭാവത്തിന്റെ അടിസ്ഥാനത്തിലാണ് ദൈവത്തിന് നമ്മോട് വർത്തിക്കുവാൻ കഴിയുക.' ദയാലുവോട് നീ ദയാലു ആകുന്നു, നിഷ്കളങ്കനോട് നീ നിഷ്കളങ്കൻ, നിർമ്മലനോട് നീ നിർമ്മലൻ ആകുന്നു, വക്രനോട് നീ വക്രത കാണിക്കുന്നു, എളിയ ജനത്തെ നീ രക്ഷിക്കും, നിഗളിച്ച് നടത്തുന്നവരെ നീ താഴ്ത്തും (സങ്കീർത്തനങ്ങൾ 18 :25,27) എന്നു ദാവീദ് പാടുന്നത് ദൈവത്തിന്റെ നീതിയുടെ വർണ്ണനയാണ്. അതുകൊണ്ട് ദൈവം നമ്മോട് ഇടപെടുമ്പോൾ നമ്മുടെ മനോഭാവം നിർണായകമാണ്.

ക്ഷമിക്കേണ്ടതിന്റെ പ്രാധാന്യത വ്യക്തമാക്കുവാൻ കർത്താവ് പറയുന്ന ദൃഷ്ടാന്തം വളരെ ചിന്തനീയമാണ്. തന്റെ ദാസന്മാരുമായി കണക്ക് തീർക്കുവാൻ നിശ്ചയിച്ച് ഒരുങ്ങിയ ഒരു രാജാവിനെ കർത്താവ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. ഈ രാജാവ് ദൈവത്തിന്റെ പ്രതിനിധിയാണ്. 10000 താലന്ത് കടപ്പെട്ട ഒരുവനെ രാജാവിന്റെ മുമ്പിൽ ഹാജരാക്കുന്നു. 10000 താലന്ത് എന്നു ഗ്രീക്ക്ഭാഷയിൽ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത് ഏതാണ്ട് 375 ടൺ അല്ലെങ്കിൽ 340 മെട്രിക്ടൺ വെള്ളിയെന്നാണ്. ഇത് വളരെ വലിയ ഒരു സംഖ്യയാണ്. ഈ കടക്കാരന് ഇത് വീട്ടുവാൻ കഴിവില്ലാത്തതുകൊണ്ട് രാജാവിന്റെ മുമ്പിൽ വീണ് തന്റെ ദയയ്ക്കായി അപേക്ഷിച്ചു. ദയാലുവും വിശാലഹൃദയനുമായ രാജാവ് തന്റെ ദാസനോട് മനസ്സലിഞ്ഞ് മുഴുവൻ കടവും ഇളച്ചു കൊടുക്കുകയും അവനെ വിട്ടയക്കുകയും ചെയ്തു. ഈ ദാസൻ യജമാനന്റെ മനസ്സലിവും ദയയും ക്ഷമയുടെ വിശാലതയും രുചിച്ചറിഞ്ഞവനാണ്. ഇനിയുള്ള തന്റെ ജീവിതം, താൻ സ്വതന്ത്രനായി ജീവിക്കുന്നത് യജമാനന്റെ വിശാലമായ ക്ഷമയുടെ പരിണിതഫലമായിട്ടാണ്. അല്ലായിരുന്നുവെങ്കിൽ കാരാഗ്രഹത്തിൽ ആയുസ്സു മുഴുവൻ ചെലവിട്ട് നരകിക്കേണ്ടതായിരുന്നു. വാസ്തവത്തിൽ ഇനിയുള്ള ജീവിതം യജമാനനോട് നന്ദിയും അർപ്പണ മനോഭാവവും ഉള്ളവനായി താൻ അനുഭവിച്ച ക്ഷമയ്ക്ക് സാക്ഷി ആകേണ്ടതായിരുന്നു. അതായിരുന്നു ഈ ദാസന് അഭികാമ്യം. പക്ഷേ സംഭവിച്ചത് അപ്രകാരമായിരുന്നില്ല, എത്രയോ കഷ്ടം!

യജമാനനിൽ നിന്നും വലിയ ക്ഷമ ദാനമായി സ്വീകരിച്ച ആ ദാസൻ വീട്ടിൽ ചെന്ന് ഭാര്യയോടും മക്കളോടും യജമാനന്റെ മഹാമനസ്കതയെ പുകഴ്ത്തുവാനല്ല ആഗ്രഹിച്ചത്. യജമാനനെ വിട്ടുപിരിഞ്ഞു പോരുമ്പോൾ തന്നോട് 100 വെള്ളിക്കാശ് കടം പറ്റിയിരിക്കുന്ന കൂട്ടു ദാസനെ കണ്ടു.. ഒരു വെള്ളിക്കാശ് (One dinarius in greek). ഒരു ദിവസത്തെ കൂലിയാണ് (മത്തായി 20: 2). അങ്ങനെയെങ്കിൽ 100 വെള്ളിക്കാശു എന്നത് 100 ദിവസത്തെ കൂലിയായി ലഭിക്കാവുന്നതാണ്. 10000 താലന്തിനോട് താരതമ്യം ചെയ്താൽ വളരെ വളരെ ചെറിയ സംഖ്യയാണ്. 100 വെള്ളിക്കാശു കടം വാങ്ങിയ വ്യക്തിയും കൊടുത്തുതീർക്കുവാൻ കഴിവില്ലാത്തവൻ ആയിരുന്നു.

വീട്ടുവാൻ കഴിവില്ലാത്ത കടം ആണ് മനുഷ്യന്റെ പാപക്കടം. ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി തീർന്നു(റോമർ1:23). ചെയ്ത പാപങ്ങളുടെ പട്ടികയിൽ ഏറ്റക്കുറച്ചിലുണ്ടാകാം. എങ്കിലും മനുഷ്യൻ പാപിയാണ് എന്നത് എല്ലാവർക്കും ഒരുപോലെ ബാധകമായ യാഥാർത്ഥ്യമാണ്. ആത്മാവിൽ ഒരു വ്യത്യാസമില്ലാതെ നാം പാപം ചെയ്തു. അതുകൊണ്ട് ദൈവത്തിന്റെ മുമ്പിൽ നാം പതിനായിരം താലന്ത് കടപ്പെട്ടവനെപ്പോലെ

കടക്കാരാണ്. അതായതു പാപികളാണ്. പാപികളാകയാൽ നമ്മുടെ അന്യോന്യം ഉള്ള ഇടപാടുകളിൽ, പെരുമാറ്റത്തിൽ, സംസാരത്തിൽ, ഒക്കെ നമുക്ക് തെറ്റുകൾ സംഭവിക്കുന്നു.100 വെള്ളിക്കാശ് കടം പറ്റിയ ദാസനെ പോലെ നാം അന്യോന്യം പിഴ ചെയ്തവരും ക്ഷമ ചോദിക്കാനും ക്ഷമിക്കുവാനും ബാധ്യസ്ഥരുമാണ്. ദൈവം നമ്മോട് ക്ഷമിക്കുന്നതിന്റെ ആഴം നാം തിരിച്ചറിഞ്ഞാൽ നമ്മോട് തെറ്റ് ചെയ്യുന്ന കൂട്ടു സഹോദരങ്ങളോട് ക്ഷമിക്കാൻ നാം മടി കാണിക്കില്ല. ക്ഷമിക്കുവാൻ കഴിയുന്നതിനെ സൗഭാഗ്യമായി കാണാം. ദൈവത്തിന്റെ ക്ഷമയോടുള്ള നന്ദി പ്രകടനമാണത്!

കർത്താവ് പറഞ്ഞ കഥയിലെ ആദ്യത്തെ ദാസൻ, തന്നോട് കടപ്പെട്ട ദാസനോട് കഠിന ഹൃദയത്തോടെ പെരുമാറി. അവന്റെ ക്ഷമയുടെ യാചന നിഷേധിച്ച് അവനെ കാരാഗ്രഹത്തിൽ അടപ്പിച്ചു. മറ്റു ദാസന്മാർ ഈ സംഭവത്തിൽ ഏറ്റവും ദു:ഖിതരായി. അവർ ഇത് തങ്ങളുടെ യജമാനനോട് അറിയിച്ചു. നല്ലവനും ക്ഷമിക്കുവാൻ വിശാലഹൃദയനുമായ യജമാനൻ നീതിയുടെ കാവൽക്കാരനും പരമോന്നത ന്യായാധിപനും ആണ്. അവിടുന്ന് നൽകിയ ക്ഷമയുടെ മൂല്യം തിരിച്ചറിഞ്ഞു പ്രവർത്തിക്കുവാൻ കഴിയാതെ പോയ കഠിന ഹൃദയനായ ആ ദാസനോട്, അവൻ അർഹിക്കുന്ന നിലയിൽ വിധി കൽപ്പിക്കുന്നു. ഒരിക്കൽ സൗജന്യമായി നൽകിയ ക്ഷമ തിരിച്ചെടുക്കുന്നു. ആ ദാസനെ കടം വീട്ടുവോളം (കടം വീട്ടുവാൻ കഴിവില്ലാത്തതിനാൽ എന്നേക്കുമുള്ള കാരാഗ്രഹം) ദണ്ഡിപ്പിക്കുന്നവരുടെ കൈയിൽ ഏൽപ്പിച്ചു. രാജാവ് ആ ദാസനോട് ചോദിക്കുന്ന ചോദ്യം ഏറ്റവും പ്രസക്തമാണ്. നീ എന്നോട് അപേക്ഷിക്കയാൽ ഞാൻ കടമൊക്കെ ഇളച്ചു തന്നുവല്ലോ. എനിക്ക് നിന്നോട് കരുണ തോന്നിയത് പോലെ നിനക്കും കൂട്ടുദാസനോട് കരുണ തോന്നേണ്ടത് അല്ലയോ എന്ന് പറഞ്ഞു. ഈ കഥ പറഞ്ഞവസാനിപ്പിച്ചിട്ട് കർത്താവ് നമ്മെ ഓരോരുത്തരെയും നോക്കി പറയുന്നു: 'നിങ്ങൾ ഓരോരുത്തരും സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കാതിരുന്നാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അങ്ങനെതന്നെ നിങ്ങളോടും ചെയ്യും. നമ്മുടെ ഹൃദയത്തിൽ നാം അടിവരയിട്ട് കുറിച്ച് വയ്ക്കേണ്ട വചനമാണ് ഇത്. വളരെ ഗൗരവമായി സ്വീകരിക്കണം.

യേശുക്രിസ്തുവിൽ കൂടി ലഭിച്ച പാപക്ഷമയുടെ ആഴം തിരിച്ചറിഞ്ഞാൽ ക്ഷമയുടെ പാതയിൽ എത്ര ദൂരവും സഞ്ചരിക്കുവാൻ നമുക്ക് കഴിയും. അപരനോട് ക്ഷമിക്കുന്നതു ബുദ്ധിമുട്ടായി അനുഭവപ്പെടുമ്പോൾ നാം എത്ര വലിയ പാപികളായിരുന്നു എന്നും, ദൈവം ക്രിസ്തുവിൽ നമ്മോട് ക്ഷമിച്ച് നമ്മെ മക്കളായി സ്വീകരിച്ച ദൈവസ്നേഹത്തിന്റെ മാഹാത്മ്യം ധ്യാനിക്കുക. ഹൃദയത്തിൽ ദൈവത്തോടുള്ള നന്ദി ഉയരുമ്പോൾ അപരനോടുള്ള ക്ഷമയും പുറപ്പെടും! •

12

## ക്രിസ്തുവിന്റെ ദൈവത്വം

നോക്കിയാൽ അത് ഏകജാതനെ ആദ്യജാതനാക്കി മാറ്റുന്നതാണെന്നും പറയാം. ആദ്യജാതൻ എന്ന നിയമനം രക്ഷകൻ എന്ന പദവിയെത്തന്നെ ആണ് കാണിക്കുന്നത്.

***രണ്ടാമതായി*** **:**

യേശുവിന്റെ ദൈവീകമായ രാജത്വവും അധികാരത്തിന്റെ ചെങ്കോലും ഈ വാക്യങ്ങളിൽ വ്യക്തമായി കാണുന്നു. എന്നേയ്ക്കും നിലനിൽ ക്കുന്ന അവസാനമില്ലാത്ത ഒരു രാജ്യം ആണ് യേശുക്രിസ്തുവിന്റെ രാജ്യം. ദൈവത്തിനു മാത്രം ഉള്ള നിത്യത എന്ന വാക്ക് ആണ് ആ രാജത്വത്തെ കുറിച്ച് പറയുവാനായി ഉപയോഗിച്ചിരിക്കുന്നത്. ഇതിൽ പ്രധാനമായ മറ്റൊരു കാര്യം കൂടെ നമുക്ക് ദർശിക്കുവാൻ സാധിക്കും. പിതാവ്, പുത്രന്റെ രാജ്യത്തെ കുറിച്ച് സംസാരിക്കുന്നത് ദൈവമേ ... എന്നു സംബോധന ചെയ്തു കൊണ്ടാണ്. ദൈവമേ.. നിന്റെ ദൈവം എന്ന പ്രയോഗം സങ്കീർത്തനങ്ങളിൽ നിന്നാണ്. എന്നാൽ ഇങ്ങനെയുള്ള പ്രയോഗങ്ങൾ വേദപുസ്തകത്തിൽ വളരെ കുറവാണ്. ഇത്തരം സംബോധന ഒരു ദ്വന്ദത്വത്തിന്റെ പ്രതീതി ഉണ്ടാക്കും. എന്നാൽ വേദപുസ്തകം ഒരു ദ്വന്ദത്വത്തെ കുറിച്ച് സംസാരിക്കുന്നില്ല. മൂന്നു വ്യക്തികൾ ഉള്ള ദൈവത്വം ശരിക്കും ഒരു ഏകത്വം ആണ്. അതുകൊണ്ട് ശരിക്കും യേശുവിൽ തന്റെ ദൈവത്വത്തെ വെളിപ്പെടുത്തേണ്ടി വരുന്ന ഇടങ്ങളിൽ മാത്രമാണങ്ങനെ പ്രയോഗിച്ചിരിക്കുന്നത്.

(തുടരും...) •

നമ്മുടെ ജീവിതത്തിലേക്ക് പാപം കടന്നുകയറ്റം നടത്തുന്നത്, നമ്മുടെ സഭയിലേക്ക് ലോകം നുഴഞ്ഞുകയറ്റം നടത്തുന്നത് "ഞാൻ പാപമാണ്, ലോകമാണ്" എന്നൊന്നും പറഞ്ഞുകൊണ്ടല്ല. സാത്താൻ പലപ്പോഴും വെളിച്ചദൂതന്റെ വേഷത്തിലാണെത്തുക (2 കൊരിന്ത്യർ 11: 13–15). അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അത്ഭുതമില്ല! സാത്താൻ നമ്മെ തോൽപിക്കരുത്. അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ (2 കൊരിന്ത്യർ 2:11). "അടിയങ്ങൾ നിന്റെ ദൈവമായ യഹോവയുടെ നാമംനിമിത്തം" (യോശുവ 9: 9) എന്നൊക്കെ യോശുവയോടു പറഞ്ഞപ്പോൾ യോശുവ ചിന്തിച്ചു: "സത്യമായിരിക്കണം ഇവർ പറയുന്നത്– യഹോവയുടെ നാമം എന്നൊക്കെ ഇവർ പറയുന്നുണ്ടല്ലോ...".

ഇതാണ് സാത്താന്റെ തന്ത്രം! വെളിച്ചദൂതന്റെ വേഷം! ഒരു കാര്യം എല്ലാ വിശ്വാസികളും മനസ്സിലാക്കണം"പ്രെയ്സ് ദ ലോർഡ്" എന്നു വിളിച്ചുകൂവുന്ന എല്ലാവരെയും വിശ്വസിക്കരുത്. എന്തായിരുന്നു യോശുവയെയും യിസ്രായേൽ പ്രമാണിമാരെയും വഞ്ചിതരാക്കിയത്? *എത്ര അഭിനയപ്രതിഭകൾ വന്ന് എത്ര കപടത കാണിച്ചാലും അവർ തകർന്നു പോവുകയില്ലായിരുന്നു. തിടുക്കത്തിലൊരു തീരുമാനമെടുക്കുന്നതിനു മുമ്പ് അവർ യഹോവയോടു ചോദിച്ചിരുന്നുവെങ്കിൽ!*

"അപ്പോൾ യിസ്രായേൽ പുരുഷന്മാർ യഹോവയോടു ചോദിക്കാതെ അവരുടെ ഭക്ഷണ സാധനം വാങ്ങി ആസ്വദിച്ചു" (യോശുവ 9: 14). നാമെത്ര വളർന്നാലും നമുക്ക് ദൈവത്തിൽ നിന്നു മാറി ഒരു അസ്തിത്വം ഇല്ല! നമ്മുടെ ഓരോ ചെറിയ തീരുമാനത്തിനും പിന്നിൽ യഹോവയുടെ ആലോചനയുണ്ടാകണം. "പൂർണ ഹൃദയത്തോടെ യഹോവയിൽ ആശ്ര യിക്കുക, സ്വന്തവിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചു കൊൾക, അവൻ നിന്റെ പാതകളെ നേരെയാക്കും; നിനക്കു തന്നെ നീ ജ്ഞാനിയായി തോന്നരുത്" (സദൃശ്യം 3:5–7).

ഒരു നിമിഷത്തേക്ക് യോശുവ യഹോവയുടെ ആലോചനയ്ക്കു കാത്തിരിക്കാതെ സ്വന്തവിവേകത്തിൽ ഊന്നിപ്പോയി. വിശ്വാസത്തിന്റെ ലോകത്ത് എപ്പോഴും നടക്കേണ്ട യോശുവ ഒരു നിമിഷം കാഴ്ചയുടെ ലോകത്തേക്ക് കടന്നു; യുക്തിയിൽ കാര്യങ്ങൾ ആലോചിച്ചു; തിടുക്കത്തിൽ തീരുമാനമെടുത്തു, യോശുവ അവരോടു സഖ്യതയും അവരെ ജീവനോടെ രക്ഷിക്കുമെന്ന് ഉടമ്പടിയും ചെയ്തു (യോശുവ 9:15). തിടുക്കമാണ് പലപ്പോഴും നമ്മെ എടുത്തു ചാട്ടത്തിലേക്ക് നയിക്കുന്നത്. വിശ്വസിക്കുന്നവൻ തിടുക്കം കാണിക്കുകയില്ല. (ഓടിപ്പോവുകയില്ല യെശയ്യാവു 28: 16). നമ്മളെന്തിനു തിടുക്കം കാണിക്കണം? ദൈവമല്ലെ നമുക്കു കാര്യങ്ങൾ ചെയ്തു തരുന്നത്?

തിടുക്കത്തിൽ തീരുമാനമെടുക്കുമ്പോൾ തീർച്ചയായും അതിൽ നമ്മുടെ യുക്തി കടന്നുകൂടും. യിസ്രായേൽമക്കൾ യഹോവയുടെ ആലോചനയ്ക്കു കാത്തിരുന്നില്ല.

യഹോവയുടെ ശബ്ദത്തിനായി കാത്തിരിക്കുക. പർവതങ്ങളിൽ കയറുന്നവർ മൂടൽമഞ്ഞു വന്നാൽ മുന്നോട്ടുള്ള വഴികാണാനാവാതെ പതറിപ്പോകും. അപ്പോഴവർ ചെയ്യുന്നത് എങ്ങനെയെങ്കിലും മുന്നോട്ടു പോവുകയല്ല; പ്രത്യുത, മഞ്ഞുമാറി സൂര്യൻ പ്രത്യക്ഷമാവും വരെ കാത്തിരിക്കുകയാണ്. നമ്മുടെ ജീവിതത്തിന്റെ പ്രതിസന്ധികളിൽ ഒരു തീരുമാനമെടുക്കാനാവാതെ കുഴഞ്ഞു നിൽക്കുമ്പോൾ, നമ്മുടെ യുക്തിചിന്തയുടെ കീഴ്ക്കോടതിയിൽ വിധിതീർക്കാതെ ദൈവത്തിന്റെ പരമാധികാര കൗൺസിലിലേക്ക് കേസ് മാറ്റിയിടുക. കാത്തിരിക്കേണ്ടി വന്നാലും കാര്യങ്ങൾ വൃഥാവിലാകില്ല.

യോശുവയ്ക്ക് നേരത്തെയും ഇതുപോലെയൊരു അബദ്ധം പറ്റിയിട്ടുണ്ട്. യെരിഹോക്കോട്ട പിടിച്ചടക്കിയിട്ട് ഹായിപട്ടണം കൈവശപ്പെടുത്താൻ പോകുമ്പോഴും ഇതുപോലെ യുക്തി ഉപയോഗിക്കുന്നുണ്ട് (യോശുവ 9: 7:2–4). അവർ ആൾ ചുരുക്കം ആയതിനാൽ ചെറിയൊരു പടകൊണ്ട് അവരെ ജയിക്കാം എന്നായിരുന്നു അവരുടെ കണ്ടുപിടുത്തം.

ചെറിയ പട്ടണം പിടിക്കാൻ ചെറിയ പടയും വലിയ പട്ടണംപിടിക്കാൻ വലിയ പടയുമൊന്നും യിസ്രായേലിന്റെ യുദ്ധത്തിൽ ബാധകമല്ല. കാരണം യുദ്ധംചെയ്യുന്നത് യഹോവയാണല്ലോ (ആവർത്തനം 20:4). ആകെ ആവശ്യമായിരിക്കുന്നത് യഹോവ കൂടെയുണ്ട് എന്ന് ഉറപ്പുവരുത്തുകയാണ്. യഹോവ കൂടെ വരണമെങ്കിൽ ജനം പാപരഹിതരായിരിക്കണം.

ഹായിയുടെ കാര്യത്തിൽ സംഭവിച്ച പാളിച്ച

യോശുവ ഓർക്കാഞ്ഞത് എന്തായാലും കഷ്ട മായിപ്പോയി. നാമോർക്കേണ്ടത് മറ്റൊന്നാണ്. യോശുവയെപ്പോലെ മോശെയോടും ദൈവ ത്തോടും ചേർന്നുനടന്ന ഒരാൾക്ക് ദൈവാ ലോചനയില്ലാതെ ദൈവശബ്ദം കേൾക്കാതെ ഒരു തീരുമാനമെടുക്കാനുള്ള പരിജ്ഞാ നമില്ലെ ങ്കിൽ യഹോവയുടെ വായിൽനിന്നു വരുന്ന വചനം ശ്രവിക്കാത്ത ഏതു വിശുദ്ധനാണ് ഭൂമിയിൽ യുക്തികൊണ്ടു ജീവിക്കാനാകുന്നത്? ദൈവമേ, നിന്റെ ശബ്ദം കേൾക്കാതെ ഒരു നിമിഷം പോലും ഞാൻ ജീവിക്കാതിരിക്കട്ടെ... എന്നിൽ നിന്ന് യുക്തിയുടെ ഒരു തീരുമാനവും ഉണ്ടാകാതിരിക്കട്ടെ!

തിടുക്കത്തിലുള്ള തീരുമാനം പലപ്പോഴും ചില്ലറ ലാഭങ്ങൾക്കു വേണ്ടിയാണ്. പ്രാർഥിച്ച് ജോലി വാങ്ങിയതാണ്, എന്നാൽ മെച്ചപ്പെട്ട ഒരു ഓഫർ കണ്ടപ്പോൾ ഒരു എടുത്തുചാട്ടം! പ്രാർ ഥിച്ചു ബിസിനസ് തുടങ്ങിയതാണ്... ലാഭം കണ്ട പ്പോൾ പ്രാർഥിക്കാതെ ഒരു കുതിച്ചുചാട്ടം. തുട ങ്ങാൻ ദൈവം, തുടരാൻ ഞാൻ എന്ന തത്വം ഇനിയെങ്കിലും നിർത്തൂ... ആത്മാവുകൊണ്ട് ആരംഭിച്ചിട്ട് ഇപ്പോൾ ജഡംകൊണ്ടോ അവസാ നിപ്പിക്കുന്നത് (ഗലാത്യർ 3:3). തുടക്കം ദൈവ ശബ്ദം കൊണ്ടെങ്കിൽ തുടരാനും ദൈവശബ്ദം വേണം; സമാപിപ്പിക്കുവാനും ദൈവശബ്ദം വേണം. ആയിരംവട്ടം ദൈവ ശബ്ദം കേട്ടിട്ടുണ്ടെ ങ്കിലും ഒരു പുതിയ തീരുമാ നത്തിനു മുമ്പിൽ വീണ്ടും ദൈവശബ്ദം കേൾക്കണം.

വ്യക്തിജീവിതത്തിലും സഭയുടെ കാര്യ ത്തിലും സംഘടനയിലും എല്ലാം ദൈവ ശബ്ദ ത്തിനാകണം പ്രാധാന്യം. ചെറിയ ലാഭ ങ്ങൾക്കു വേണ്ടി ഒരിക്കലും യുക്തിയെ ആശ്രയി ക്കരുത്. ഗിബയോന്യർ ഞങ്ങൾ നിങ്ങളുടെ ദാസന്മാരായിക്കൊള്ളാം എന്നു പറഞ്ഞപ്പോൾ ഇത്രയും കാലം മിസ്രയീമിൽ അടിമവേല ചെയ്തിരുന്ന യിസ്രായേല്യർക്ക് തങ്ങൾ ആരോ എന്തോ ആയി എന്നു തോന്നിപ്പോയി. അവർ പറഞ്ഞു; ശരി, ഉടമ്പടി! ലേവ്യരും ചിന്തിച്ചു: വിറകു കീറാനും വെള്ളം കോരാനും ആളെക്കിട്ടുമെങ്കിൽ ആകട്ടെ... ഇല്ലെങ്കിൽ ഈ പണിയെല്ലാം നമ്മൾ തന്നെ ചെയ്യണം. ശരിക്കും പറഞ്ഞാൽ ആയാസരഹിതരായി സുഖിക്കാൻ തീരുമാനിക്കുന്ന ലേവ്യരാണ് ഇക്കാര്യത്തിൽ പ്രധാന കുറ്റക്കാർ! അല്ലെങ്കിൽ ഈ വിജാതിയർ യാഗപീഠത്തിന്റെ ഏഴ് അയലത്ത് അടുക്കുമോ?

ആധുനികസഭയിലും ഇന്ന് വീണ്ടുംജനിക്കാ ത്ത വിജാതീയർ നുഴഞ്ഞുകയറി ആലയശുശ്രൂഷ ചെയ്യുന്നുണ്ട്. എങ്ങനെ ഇവർ അകത്തുകയറി? ആത്മികനേതൃത്വം ദൈവശബ്ദത്തിന് ഒരു നിമിഷത്തേക്ക് കാതടച്ച് യുക്തിക്കു ചെവിതുറ ന്നു കൊടുത്തതുകൊണ്ട്.

പരിശുദ്ധാത്മാവിന്റെ ശബ്ദത്തിനു കാതോർ ത്തിരുന്ന നമ്മുടെ പഴയസഭാനേതൃത്വം എപ്പോ ഴോ എവിടെയോ ചില്ലറ ലാഭത്തിനുവേണ്ടി നുഴഞ്ഞു കയറിവന്ന കമ്മറ്റിക്കും കൗൺ സിലിനും വാതിൽ തുറന്നുകൊടുത്തു. ഉടമ്പടി ചെയ്തു പോയില്ലേ, ഇനി വിറകു കീറിക്കോട്ടെ, വെള്ളം കോരിക്കോട്ടെ എന്നു പിന്നീടു പറഞ്ഞു. നമ്മുടേത് സഭ മാത്രമല്ലല്ലോ, സംഘടനയുമല്ലേ എന്നായിരുന്നു ന്യായവാദം. ഒരു കാര്യം മറക്കേണ്ട. പ്രിയമുള്ളവരേ, സഭയാണു ദൈവ ത്തിന്റേത്. സംഘടന സഭയിൽ നുഴഞ്ഞുക യറിയതാണ്. ദൈവത്തിൽ നിന്നും ജനിച്ചവരേ സഭയിലുള്ളൂ. വീണ്ടുംജനിക്കാത്തവനും സംഘട നയിലുണ്ടാകും. വേണമെങ്കിൽ ആലയശുശ്രൂഷ യും ചെയ്യാം. എന്നാൽ ഒരു കാര്യം ഓർക്കണം. ആളുകളിച്ച്, സംഘടനക്കാരാരും വിശുദ്ധമന്ദിര ത്തിലേക്ക് പ്രവേശിച്ചേക്കരുത്.

ഉന്മൂലനം ചെയ്യേണ്ട ജാതികളാണ് ഹിവ്യർ! പാപവുമായും ലോകവുമായും നമുക്ക് ഒരു ഒത്തുതീർപ്പിനും അവകാശമില്ല! അവർ തങ്ങ ളുടെ ദേവപൂജയിൽ ചെയ്തുപോരുന്ന സകല മ്ലേച്ഛതകളും ചെയ്യാൻ നിങ്ങളെ പഠിപ്പിച്ചിട്ട് നിങ്ങ ളുടെ ദൈവമായ യഹോവയോടു പാപം ചെയ്യാ തിരിക്കേണ്ടതിന് തന്നെ... (ആവർത്തനം 20: 18). പാപത്തോട് ഒത്തുതീർപ്പില്ലാത്ത ഒരു ദൈവ പൈതൽ... ലോകത്തോട് ഒത്തുതീർപ്പില്ലാത്ത ദൈവസഭ. ഇതാണ് ദൈവത്തിന്റെ സ്വപ്നം!

ജീവിതത്തിന്റെ പ്രതിസന്ധിയിൽ അനിശ്ചിത ത്വത്തിൽ മഞ്ഞുമൂടിക്കിടക്കുമ്പോഴും തീരുമാന മെടുക്കാൻ യുക്തിയുടെ കൂട്ടുപിടിക്കാതെ ദൈവലോചനയുടെ സൂര്യോദയത്തിനുവേണ്ടി കാത്തിരിക്കാൻ നമുക്ക് ദൈവത്തിൽ നിന്ന് പഠിക്കാം. നുഴഞ്ഞുകയറ്റക്കാരുടെ കപടതകളെ തിരിച്ചറിയാൻ ദിവ്യജ്ഞാനം പ്രാപിക്കാം. പാപത്തോട് ഒരു ഒത്തുതീർപ്പിനും പോകരുത്. ലോകത്തിന്റെയും സംഘടനയുടെയും കരാള ഹസ്തങ്ങൾ സഭയുടെ മേൽ പിടിമുറുക്കാൻ സമ്മതിക്കരുതേ! ഓരോ നിമിഷവും ദൈവലോ ചന കേട്ടുകൊണ്ട് ജീവിക്കാൻ ദൈവം സഹായി ക്കട്ടെ.

▪

# തട്ടിപ്പുസംഘങ്ങളിലെ ചതിക്കുഴികൾ

ഓൺലൈൻ വായ്പ്പാത്തട്ടിപ്പ് സംഘങ്ങൾ വീണ്ടും സജീവമാകുന്നു എന്നത് തുടർച്ചയായി 2023 സെപ്റ്റംബർ മാസത്തിൽ വാർത്താമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത് വായിച്ചിരുന്നുവല്ലോ. കോട്ടയം സ്വദേശിനിയായ വീട്ടമ്മ 10,000 രൂപ വായ്പയെടുത്ത് ഒരുമാസത്തിനുള്ളിൽ തിരിച്ചടച്ചത് 70,000 രൂപ. തുടർന്നു പണം അടയ്ക്കില്ലെന്ന് അറിയിച്ചതോടെ വീട്ടമ്മയുടെ മോർഫ് ചെയ്ത ചിത്രങ്ങൾ പ്രചരിപ്പിച്ചെന്നും പരാതിയിൽ പറയുന്നു. 10,000 രൂപ ആവശ്യമായി വന്ന കോട്ടയം സ്വദേശിനിയാണ് വായ്പയെടുക്കുന്ന തിനായി ഫേസ്ബുക്കിൽ കണ്ട പരസ്യത്തിലൂടെ വായ്പാ തട്ടിപ്പ് സംഘത്തിന്റെ കുരുക്കിൽ പെട്ടത്. പരസ്യം കണ്ടു ആപ്പ് ഡൗൺലോഡ് ചെയ്തതിനൊപ്പം തന്നെ ഗ്യാലറിയും കോൺടാക്റ്റും ആക്സസ് ചെയ്യാനുള്ള അനുവാദവും നൽകിയിരുന്നു. ഇതിലൂടെയാണ് തട്ടിപ്പുകാർ ഇടപാടുകാരെ ചതിച്ചു കൊണ്ടിരിക്കുന്നത്.




ദിവസവും നൂറുകണക്കിന് ആളുകളാണ് ഇങ്ങനെ തട്ടിപ്പിനിരയാകുന്നത്. കോവിഡ് മഹാമാരി വരുത്തിവച്ച തൊഴിൽ നഷ്ടവും സാമ്പത്തിക ദുരിതവും പലരെയും എളുപ്പത്തിൽ ലോൺ കിട്ടുന്ന തട്ടിപ്പുകാരുടെ വലയിൽ ചെന്നുചാടാൻ പ്രേരിപ്പിക്കുകയാണ്. ആഡംബര ജീവിതത്തോടുള്ള ആസക്തിയും വായ്പ എടുക്കുവാൻ ചിലരെ നിർബന്ധിതരാകുന്നു. സാധാരണക്കാരുടെ ഡിജിറ്റൽ നിരക്ഷരത മുതലെടുത്താണ് ലോൺ ആപ്പുകൾ വഴി വൻതട്ടിപ്പ് നടത്തുന്നത്. പ്ലേ സ്റ്റോറിൽ ധാരാളം ഇൻസ്റ്റന്റ് ലോൺ ആപ്പുകളുണ്ട്. ഇവയിൽ ഭൂരിഭാഗം വായ്പാ ദാതാക്കളും R B I യുടെ N B F C (NonBanking Financial Company ) ലൈസൻസ് ഇല്ലാത്തവരാണ്. ഏഴു ദിവസം മുതൽ ആറുമാസം വരെ തിരിച്ചടവ് കാലാവധിയുള്ള ഇത്തരം വായ്പകൾക്ക് 20% മുതൽ 40% വരെയുള്ള കൊള്ളപ്പലിശയും, 10 മുതൽ 25 % വരെ പ്രോസസ്സിംഗ്ചാർജ്ജുമാണ് ഈടാക്കുന്നത്. കേവലം ആധാർകാർഡിന്റെയും പാൻകാർഡിന്റെയും സോഫ്റ്റ് കോപ്പികൾ മാത്രമേ വായ്പാ തുക, അക്കൗണ്ടിലേക്ക് മാറ്റാൻ വേണ്ടി ഇവർ ആവശ്യപ്പെടുന്നുള്ളൂ.

എന്നാൽ E M I മുടങ്ങുന്ന പക്ഷം ഇവരുടെ ഭീഷണി തുടങ്ങും. പിന്നീട് ആപ്പ് ഇൻസ്റ്റാൾ ചെയ്യുന്ന വേളയിൽ ഫോൺ ഉടമ സമ്മതിച്ച ഉറപ്പിൻ പ്രകാരം വായ്പക്ക് ഇരയായവരുടെ കോണ്ടാക്ട് വിവരങ്ങൾ കൈക്കലാക്കി അവരുടെ സുഹൃത്തുക്കളുടെ നമ്പറുകളിലേക്ക് മെസ്സജേ് അയക്കുകയും, വിളിച്ചു ശല്യം ചെയ്യുകയും ചെയ്യുന്നു. കൂടാതെ തിരിച്ചടവ് വീഴ്ചക്ക് 1 മുതൽ 3 ശതമാനം വരെ പിഴത്തുക ഈടാക്കുന്നതും ഇവരുടെ മറ്റൊരു തട്ടിപ്പ് രീതിയാണ്. തട്ടിപ്പിനിരയാവുന്നവർ ആപ്പ് ഇൻസ്റ്റാൾ ചെയ്യുന്ന വേളയിൽ യാതൊന്നും ശ്രദ്ധിക്കാതെ വായ്പ്പാ ആപ്പുകാർ ആവശ്യപ്പെടുന്ന പെർമിഷനുകൾ നൽകുകയാണ്. ഇതുവഴി സ്വകാര്യ വിവരങ്ങൾ ചോർത്തുക മാത്രമല്ല, വായ്പ എടുത്തവരുടെ ഫോൺ പോലും വിദൂര നിയന്ത്രണത്തിലാക്കാൻ തട്ടിപ്പുകാർക്ക് അവസരം ലഭിക്കും.

ലോൺ തട്ടിപ്പിന്റെ പുതിയരീതിയെക്കുറിച്ച് ജനുവരിയിൽ തന്നെ കേരളാപൊലീസ് മുന്നറിയിപ്പ് നൽകിയിരുന്നു. ഇത്തരത്തിൽ മൊബൈൽ ആപ്പ് ഉപയോഗിച്ച് വായ്പ എടുക്കുന്നത് ഒഴിവാക്കണമെന്നാണ് പൊലീസ് നിർദേശം. തട്ടിപ്പുകൾക്കെതിരെ അടുത്തുള്ള പൊലീസ് സ്റ്റേഷനിൽ തന്നെ പരാതി നൽകാം. ചിലവുകൾ ചുരുക്കിയും ഉള്ളതിൽ സംതൃപ്തരായും സാമ്പത്തിക അച്ചടക്കം പാലിച്ചും ജീവിച്ചാൽ ഒരു വലിയ പരിധിവരെ ഇങ്ങനെയുള്ള ചതിക്കുഴികളിൽ വീഴാതെ ജീവിക്കുവാൻ സാധിക്കും. ●

# പരമാർത്ഥരാകാൻ നിയോഗിക്കപ്പെട്ടവർ

വ്യാജരേഖകളും വ്യാജവർത്തമാനവും അഴിമതിക്കഥകളും കൊണ്ട് മലീമസമായ ഒരു പൊതുസമൂഹത്തിലാണ് നാം ആയിരിക്കുന്നത്. കോടികൾ വെട്ടിച്ച് ബിസിനസും കമ്പനികളും പണിതുയർത്തുന്നത് ഒരു ഹോബിയായിരിക്കുന്ന കാലം. കൗശലക്കാരും അതിസാമർത്ഥ്യക്കാരും അടങ്ങുന്ന ആത്മീയസംഘടനാരംഗവും ഒട്ടും ഭേദമല്ല! പരമാർത്ഥത അന്യംനിന്നുപോയ ഒരു സമൂഹമാണോ ക്രൈസ്തവസമൂഹമെന്ന് ചിന്തിച്ചുപോകുന്നു.

ഇവിടെയാണ് ദാവീദിന്റെ പ്രാർത്ഥനയുടെ വലിമ നാം ഗ്രഹിക്കേണ്ടത്. ദാവീദ് പ്രാർത്ഥിക്കുന്നത് ഇങ്ങനെ:'ഭോഷ്കിന്റെ വഴി എന്നോട് അകറ്റേണമേ (സങ്കീർത്തനങ്ങൾ 119 :29 ). കപടമാർഗ്ഗങ്ങൾ എന്നിൽ നിന്ന് ദൂരെയകറ്റണമേ എന്നാണ് പ്രാർത്ഥനയുടെ ശരിയായ അർത്ഥം. ശലോമോൻ സുഭാഷിതം ചൊല്ലുന്നതും ഇപ്രകാരമാണ്. 'വക്രബുദ്ധികൾ യഹോവയ്ക്ക് വെറുപ്പ്. നിഷ്കളങ്ക മാർഗികളോ അവന് പ്രസാദം. അദ്ദേഹം വീണ്ടും പറയുന്നതും ഇങ്ങനെ: വ്യാജം പറയുന്ന അധരങ്ങൾ കർത്താവിന് മ്ലേച്ഛതയാണ്. സത്യവും പരമാർത്ഥതയും ഉള്ളവരിലാണ് ദൈവം പ്രസാദിക്കുന്നത് എന്ന് ധാരാളം ബൈബിൾവാക്യങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു.

പരമാർത്ഥതയും വിശ്വസ്തതയും ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾ പോലെ നമ്മിൽ സമന്വയിക്കേണ്ടതുണ്ട്. ഹൃദയശുദ്ധിയുള്ളവരാണ് സ്വർഗ്ഗരാജ്യത്തിൽ കാണുകയെന്നു യേശുകർത്താവ് തന്റെ ശിഷ്യരെ പഠിപ്പിച്ചു. വിശുദ്ധജീവിതത്തെക്കുറിച്ചും വേർപാടിനെക്കുറിച്ചും മേനി പറയുന്നവരിൽ പരമാർത്ഥത ഇല്ലെങ്കിൽ നമ്മുടെ കർത്താവ് എത്ര ദു:ഖിക്കും എന്ന് ഓർക്കുക. ഒരു പരാമർത്ഥ ഹൃദയത്തിനു വേണ്ടിയുള്ള അഭിവാഞ്ഛ നമുക്കുണ്ടെങ്കിൽ പരിശുദ്ധാത്മാവ് നമ്മെ അതിലേക്ക് നയിക്കുക തന്നെ ചെയ്യും.

ഇയ്യോബിന്റെ സ്നേഹിതനായ എലീഫാസിന്റെ പ്രസ്താവന ഇതാണല്ലോ? 'കൗശലക്കാരുടെ തന്ത്രങ്ങൾ അവൻ കുഴയ്ക്കുന്നു. തന്മൂലം അവരുടെ കരങ്ങൾ വിജയിക്കുന്നില്ല. വിജ്ഞാനികളെ തങ്ങളുടെ കൗശലത്തിൽ തന്നെ അവൻ കുടുക്കുന്നു . വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്കമക്കളും ആകാനുള്ള നിയോഗമാണ് നമുക്ക് ഓരോരുത്തർക്കും നൽകിയിരിക്കുന്നത് എന്ന സത്യം മറക്കാതിരിക്കുക. ഉവ്വ്, ലോക സ്ഥാപനത്തിന് മുമ്പേ ദൈവം നമ്മെ തിരഞ്ഞെടുത്തത് നാം അവിടുത്തെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനാണ്. അതിൽ കുറഞ്ഞതൊന്നും ആത്മീകതയല്ല! ക്രിസ്തീയത അല്ല!

–എംസി


RIGHTEOUS PATH PUBLICATION TRUST

Bank Account Details:

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ
പേരുവിവരം ഓഫീസിൽ
അറിയിക്കുമല്ലോ. മാസിക യഥോചിതം
അയക്കുവാനും കണക്കുകൾ
കൃത്യമായി സൂക്ഷിക്കുവാനും
അത് സഹായകമാകും.


RNI No. KERMAL/2012/46138
Date of Publishing 10.10.2023


NERVEEDHI - OCTOBER 2023
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No. KL/KTM/150/2023-2025

# ആർ. പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ

ഉഷസ്സുതോറുമുള്ള വചന ധ്യാനം
അകത്തെ മനുഷ്യനു കരുത്തേകും
വർഷത്തിലെ ഓരോ ദിനവും
ധ്യാനിക്കുവാൻ പണ്ഡിതരായ
ദൈവ ദാസന്മാർ ശുപാർശ
ചെയ്യുന്ന ഉത്തമ ഗ്രന്ഥം.







സന്തുഷ്ട
കുടുംബജീവിതത്തിനൊരു
മാർഗ്ഗരേഖ




മനുഷ്യജീവിതം പ്രതിസന്ധികളും
പ്രശ്നങ്ങളും നിറഞ്ഞതാണ്.
എന്നാൽ എല്ലാ പ്രശ്നങ്ങൾക്കും
പരിഹാരം
ദൈവം മനുഷ്യന് നൽകിയിട്ടുണ്ട്.
ജീവിതപ്രശ്നങ്ങളെ
ദൈവാശ്രയത്തോടെ ഫലപ്രദമായി
നേരിടുന്നത് എങ്ങനെയെന്ന്
ദൈവവചനത്തിന്റെയും നിരവധി
ജീവിതാനുഭവങ്ങളുടെയും
അടിസ്ഥാനത്തിൽ
ബ്രദർ ജോയ് എം. തോമസ്
നിങ്ങളോട് വിശദീകരിക്കുന്നു.

Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App

എല്ലാ വിലകളും
പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക്:
Mob: 9495435336
8547916678

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.